
# ബൈബിൾ ദൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**

C–22 N. D. S. E. 2

**New Delhi-110049**

# ബൈബിൾ ട്രൂത്ത്


Editors


P. K. VARGHESE J. C. CHOATE

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 2 December 1988 No. 9


ലോകമെങ്ങും ക്രിസ്തുമസ് ആഘോഷിക്കുന്നതിൽ മുഴുകിയിരിക്കുകയാണല്ലൊ. അതെന്തുകൊണ്ട് ചെയ്യുന്നു? അതിന്റെ ആവിർഭാവം എങ്ങനെ? ആ ആഘോഷം നടത്തുന്നത് ദൈവസന്നിധിയിൽ നീതിപൂർവ്വമാണോ? ഈ ചോദ്യങ്ങൾക്കൊന്നും ശരിയായ ഉത്തരം നൽകുവാൻ ഇവർക്ക് ആർക്കും കഴിയുകയില്ല. യേശുക്രിസ്തുവിന്റെ ജനനം തന്നെ പാപികളെ രക്ഷിക്കേണ്ടതിനും പാപരഹിത ജീവിതം സംജാതമാക്കി തീർക്കുന്നതിനും ആയിരുന്നു. എന്നാൽ അതേ ക്രിസ്തുവിന്റെ പേരിൽ ഏററവും കൂടുതൽ മദ്യം കഴിക്കുന്നതും.... പാപം ചെയ്യുന്നതും നീതീകരിക്കാവുന്നതാണോ? സമുദായങ്ങളും അദ്ധ്യക്ഷൻമാരും അതിനെ പ്രോൽസാഹിപ്പിക്കുകയാണ് ചെയ്യുന്നത്. മനുഷ്യസങ്കൽപ്പിതമായ ഒരു തിയ്യതി തെരഞ്ഞെടുത്ത് യേശുവിന്റെ ജനനത്തെ ആഘോഷിക്കുന്ന ഇത്തരം മാനുഷികാചാരങ്ങൾ എന്തിനു വേണ്ടിയാണ്? മനുഷ്യനൻമക്കോ അതോ നാശത്തിനോ? ഇതിനെ ചോദ്യം ചെയ്യുമ്പോൾ രോഷം കൊള്ളുന്നതിനു പകരം ക്രിയാത്മകമായ ഒരു വിചിന്തന മനോഭാവമുണ്ടായി തെററു തിരുത്തുകയാണ് ചെയ്യേണ്ടത്. പാപത്തിൽനിന്ന് പിന്തിരിഞ്ഞ് ദൈവത്തിങ്കലേക്കു തിരിഞ്ഞുവരുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ. കഴിഞ്ഞവർഷം ചെയ്തുപോയ അപരാധങ്ങളെ വിട്ടുകളഞ്ഞ് ദൈവേഷ്ടപ്രകാരം ജീവിക്കുവാൻ ഈ പുതുവൽസരത്തിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

പി. കെ. വർഗ്ഗീസ്

# ഞാൻ സേവിക്കുന്ന ദൈവം

**J. C. ചോട്ട്**

പരിശുദ്ധാത്മാവ്, ഇന്നത്തെ അത്ഭുതം, അന്യഭാഷാസംസാരം, തുടങ്ങിയ വിഷയങ്ങളെ പ്രതിപാദിച്ചുകൊണ്ട് എഴുതുന്ന ലേഖനങ്ങൾക്ക് വിയോജിപ്പ് പ്രകടിപ്പിക്കുന്ന ചില പ്രതികരണങ്ങൾ ഞങ്ങൾക്കു ലഭിക്കാറുണ്ട്. അതു ഞങ്ങൾക്ക് ഇഷ്ടവുമാണ്. അവർ എതിർപ്പുകൾ മാത്രം എഴുതാതെ അതു തെളിയിക്കുവാനുള്ള ബാദ്ധ്യതകൂടെ ഏറ്റെടുക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതായത്, തിരുവെഴുത്തുകൾ ആയിരിക്കണം അടിസ്ഥാനപരമായ കാരണം. അല്ലാത്ത വിമർശനങ്ങൾ നിഷ്പ്രയോജനമത്രേ. ചില കത്തുകളിൽ എഴുതിയിരിക്കുന്നത് നിസാരവും ബാലിശവുമായ ലേഖനങ്ങൾ എന്നാണ്. ചുരുങ്ങിയ ചിലർ അംഗീകരിച്ചുകൊണ്ടും എഴുതിയിട്ടുണ്ട്. സഹായകരമായ ഒന്ന് ഒരാൾ എത്രമാത്രം ഇഷ്ടപ്പെടുന്നുവെന്ന് എനിക്ക് വാസ്തവമായി അറിഞ്ഞുകൂടാ. വചനാനുസരണമുള്ള മുന്നറിയിപ്പ് അവർക്ക് നൽകിയില്ലെങ്കിൽ അവർ വഞ്ചിതരായിത്തീരും എന്നത് തർക്കമററ കാര്യം തന്നെ. ദൈവത്തെ സേവിക്കുക എന്നാൽ സത്യസന്ധമായി അവന്റെ ഹിതപ്രകാരം മനുഷ്യരെ സേവിക്കുക എന്നതാണല്ലോ. ആകയാൽ ആളുകളുടെ ഇഷ്ടാനിഷ്ടങ്ങൾ മനസിലാക്കി സത്യത്തെ മാററാവുന്നതല്ല.

ഒരാൾ തന്റെ നീണ്ട എഴുത്ത് മാസികയിൽ പ്രസിദ്ധീകരിക്കാനാവശ്യപ്പെടുകയുണ്ടായി. എന്നാൽ തെററായ ആശയങ്ങൾ, അതായത് ബൈബിളിനു വിരുദ്ധമായ കാര്യങ്ങൾ പറയുന്നത് പ്രോൽസാഹിപ്പിക്കുവാൻ സത്യത്തെ സ്നേഹിക്കുന്നവർക്കു കഴിയുകയില്ല. പ്രത്യേകിച്ച് മതപരമായ തെററുകൾ സ്ഥാപിക്കുക എന്നത് പിശാചിന്റെ ഉപദേശമാണ്. അത്ഭുതങ്ങൾ നടക്കുന്നതിനെ ന്യായീകരിക്കുന്നവർ അതിഷ്ടപ്പെടുന്നവർ ആയേക്കാം. എന്നാൽ ആ അവകാശത്തിന് ബൈബിളുമായി ബന്ധമുണ്ടോ അഥവാ വചനം അതിനെ അനുകൂലിക്കുന്നുണ്ടോ എന്നു ചിന്തിക്കുവാൻ അവൻ തയ്യാറാവണം. അതിനുപകരം വിമർശനത്തിനുവേണ്ടി മാത്രം എഴുതുകയാണെങ്കിൽ അവരുടെ ഉദ്ദേശം നമുക്ക് അനുമാനിക്കാവുന്നതേയുള്ളൂ. അത്തരത്തിലുള്ള തെററായി നയിക്കപ്പെട്ടവരും വഞ്ചിക്കപ്പെട്ടവരുമാണ് എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം സത്യത്തെ ഗ്രഹിക്കുവാൻ തക്ക മനഃസ്ഥിതി ഇല്ല എന്നതാണ്. ഉദാഹരണമായി നിങ്ങൾ,

ഭൂതങ്ങൾ മനുഷ്യമനസ്സിനെതിരായി പ്രവർത്തിക്കുമെന്ന അന്ധവിശ്വാസമുള്ള സംഘടനയിൽനിന്നാണ് വരുന്നതെങ്കിൽ ദൈവത്തേയും ക്രിസ്തുവിനേയും വിശ്വസിക്കുന്നതോടൊപ്പം പഴയ അന്ധവിശ്വാസവും തുടർന്നുകൊണ്ടുപോകും. ഒരാൾക്ക് തന്റെ വിശ്വാസത്തെയും ആചാരത്തെയും തെളിയിക്കുവാൻ ഓരോ വസ്തുതകൾ എടുക്കുന്നതുപോലെ ഓരോരുത്തരും എടുത്താൽ അവിടെ യോജിപ്പ് സാദ്ധ്യമല്ല. യോജിപ്പിനുള്ള ഏക മാദ്ധ്യമം ബൈബിൾ മാത്രമത്രെ. സത്യമായ വസ്തുത എന്തെന്നാൽ ഒരിക്കൽ ഉണ്ടായിരുന്നവ നീങ്ങിപ്പോകുമെന്നു പറഞ്ഞാൽ അതു നാം വിശ്വസിക്കണം. അതിനെതിരായി ചിന്തിക്കരുത്.

അത്ഭുതങ്ങളെയും അടയാളങ്ങളേയും അതിരുകവിഞ്ഞ് ആഗ്രഹിക്കുന്ന വ്യക്തികൾ, ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതാണ്. യേശുക്രിസ്തുവും അപ്പോസ്തലൻമാരും അൽഭുതങ്ങൾ പ്രവർത്തിച്ചപ്പോൾ അതു സ്വാഭാവികമായി സംഭവിക്കുകതന്നെ ചെയ്തു. അവ എല്ലാവരും അംഗീകരിക്കുക തന്നെ ചെയ്തു. ശത്രുക്കൾക്കുപോലും അതിനെ എതിർക്കുവാൻ കഴിഞ്ഞില്ല. പത്രോസ് മുടന്തനായ ഒരു മനുഷ്യനെ എഴുന്നേൽപ്പിച്ചത് വ്യക്തമാക്കുന്നത് അതുതന്നെ (പ്രവൃത്തി 3:1–11). യേശുക്രിസ്തുവും അപ്പൊസ്തലൻമാരും അന്നു ചെയ്തതുപോലെയുള്ള അൽഭുതങ്ങൾ, ഇന്ന് നടക്കുന്നു എന്നു അവകാശപ്പെടുന്നവർ എന്തുകൊണ്ട് അതുപോലെയുള്ള ഉദാഹരണങ്ങൾ ഒന്നുപോലും കാണിക്കുന്നില്ല? അതു സാദ്ധ്യമല്ല എന്ന് അവർക്ക് അറിയാം. കാരണം ആ കാലയളവ് കഴിഞ്ഞുപോയി. ഇന്ന് അതിന്റെ ആവശ്യമില്ല. ഇന്ന് ആർക്കും വെള്ളത്തിൻമീതെ നടക്കാൻ കഴിയുന്നില്ല; മരിച്ചവരെ ഉയിർപ്പിക്കുവാൻ കഴിയുന്നില്ല; കുരുടർക്ക് കാഴ്ച കൊടുക്കുന്നില്ല; മുടന്തരെ എഴുന്നേൽപ്പിക്കുന്നില്ല ? പൗലോസിനെപ്പോലെ സർപ്പദംശനമേററശേഷം ഒന്നും ചെയ്യാതെ ജീവിക്കുവാൻ ഇവർക്കു കഴിയുകയില്ല. അൽഭുതങ്ങൾ ചെയ്യുമെന്ന് പറയുന്നവർ മുൻപോട്ടു വന്നു സംസാരിക്കുവാൻ കഴിയാത്തവർക്ക് സംസാരശേഷിയും കുഷ്ടരോഗികളെ സൗഖ്യപ്പെടുത്തുകയും ചെയ്താൽ സമൂഹത്തിന് അതു വലിയ നൻമയായിരിക്കും. ആസ്പത്രികളുടെ ആവശ്യംതന്നെ ഇല്ലാതാകും. അത്തരം വെല്ലുവിളി സ്വീകരിക്കുവാൻ ആരും തയ്യാറാകാത്തതിന്റെ രഹസ്യം മറെറാന്നുമല്ല. അവരിൽ അതു സാദ്ധ്യമല്ല എന്നത്രെ. ഒഴിവുകഴിവുകൾ പലതും പറഞ്ഞ് ഒഴിഞ്ഞുമാറുന്നതു നിങ്ങൾ കേട്ടിരിക്കും. അതു ശരിയായ പ്രവണതയല്ല. അങ്ങനെയുള്ളവർ നിശ്ശബ്ദരായിരുന്നെങ്കിൽ നന്നായിരുന്നു. ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അവർ ലജ്ജിതരായിത്തീരും.

പരിശുദ്ധാത്മാവിനെക്കുറിച്ചും അവന്റെ പ്രവർത്തികളെക്കുറിച്ചും ബൈബിൾ പറയുന്നതു തെററിദ്ധരിക്കപ്പെട്ടതുമൂലമാണ് ഇ

വർക്ക് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാവുന്നത്. ക്രിസ്തു, പരിശുദ്ധാത്മാവിന്റെ ശക്തി വാഗ്ദാനം ചെയ്തത് അപ്പോസ്തലൻമാർക്കു മാത്രമായിരുന്നു [യോഹ 16:13; പ്രവൃ 1:4–5]. അക്കാലത്തിൽ തെരഞ്ഞെടുക്കപ്പെട്ട പൗലോസിനും ബാധകമായിരുന്നു. യഹൂദൻമാരെപ്പോലെതന്നെ ജാതികളെയും ദൈവം സ്വീകരിക്കുന്നുവെന്ന് യഹൂദൻമാർക്കു വെളിപ്പെടുത്തിക്കൊടുക്കേണ്ടതിനു കൊർന്നല്യോസിന്റെ ഭവനത്തിലും നടക്കുന്നുണ്ട്. [പ്രവൃത്തി 10, 21]. പിന്നീട് മററുള്ളവരിൽ കൈവെച്ച് പരിശുദ്ധാത്മാവിന്റെ ശക്തി പകർന്നുകൊടുക്കുവാനുള്ള അധികാരം അപ്പോസ്തലൻമാരിൽ നൽകിയിരുന്നു. [പ്രവൃത്തി 6. 8,19]. മററുള്ള എല്ലാവരിലും പരിശുദ്ധാത്മാവിന്റെ അളവ് സാധാരണമായിരുന്നു. പരിശുദ്ധാത്മാവ് ദാനമായിട്ടാണ് ലഭിക്കുന്നത് എന്നർത്ഥം. അത് സ്വാഭാവികമായതും അത്ഭുതരഹിതവുമാണ് [പ്രവൃത്തി 2:38]. എന്നാൽ അപ്പോസ്തലൻമാരുടെയും അവരുടെ കൈവെയ്പ് ലഭിച്ചവരുടെയും മരണശേഷം അത്ഭുത കാലയളവ് നിന്നുപോയി. അപ്പോഴേക്കും പുതിയനിയമം എഴുതി തീർക്കുകയും തുടർന്ന് എല്ലാവരും അതു വായിച്ച് ദൈവേഷ്ടം മനസിലാക്കുകയും ജീവിക്കുകയുമാണ് വേണ്ടത്. വിശ്വാസം വരേണ്ടത്, വചനം പഠിക്കുന്നതിലൂടെ അഥവാ വചനകേൾവിയിലൂടെ ആയിരിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത് [റോമർ 10:17]. വചനത്തിനപ്പുറമായി അത്ഭുതം കണ്ടിട്ടോ പരിശുദ്ധാത്മാവിന്റെ ക്രിയയാലോ വിശ്വാസം വരണമെന്നതു ദൈവേഷ്ടമല്ല. അതു തിരുവെഴുത്തുകളുടെ പ്രാധാന്യത്തെ എടുത്തുകളയുകയാണ് ചെയ്യുന്നത്.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തി യഥാർത്ഥത്തിൽ മനസിലാകാത്തവരും ദൈവ വചനമാണ് പരമാധികാരമെന്ന് ഗ്രഹിക്കാത്തവരുമാണ് വെറുതെ ചീർക്കുന്നത്. അവർ ഇന്നു പരക്കെ പറഞ്ഞു കേൾക്കുന്ന അനുഭവങ്ങളിലാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് ബുദ്ധിപരമായ ചർച്ച വചനാടിസ്ഥാനത്തിൽ നടത്തുവാൻ അവർ തയ്യാറാകുന്നില്ല. ക്രിസ്തു പറഞ്ഞ ഒരു സംഭവത്തെ അതു വിരൽചൂണ്ടുന്നു. കള്ള ക്രിസ്തുക്കളും കള്ള പ്രവാചകൻമാരും എഴുന്നേററു കഴിയുമെങ്കിൽ വൃതൻമാരെയും തെററിപ്പാനായി വലിയ അടയാളങ്ങളും അൽഭുതങ്ങളും കാണിക്കും '(മത്തായി 24:24). പൗലോസും ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്" അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്കു സാത്താന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അനീതിയുടെ സകല വഞ്ചനയോടുംകൂടെ ആയിരിക്കും, അവർ രക്ഷിക്കപ്പെടത്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽതന്നെ അങ്ങനെ ഭവിക്കും. സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായ വിധി വരേണ്ടതിനു ദൈവം അവർക്കു ഭോഷ്ക്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയക്കുന്നു (2 തെസ്സ 2:9-12).

എന്റെ സ്നേഹിതരേ, ഞാൻ സേവിക്കുന്ന ദൈവം വലിയവനാണ്. അവൻ സർവ്വശക്തനാണ്. അവനാണ് ഈ ലോകത്തേയും അതിലുള്ളതൊക്കെയും സൃഷ്ടിച്ചത്. അത് വീണ്ടും വീണ്ടും അവൻ തെളിയിച്ചിട്ടുണ്ട്. തന്റെ ശക്തി വെളിപ്പെടുത്തുവാൻ വീണ്ടും ഒരു ലോകത്തെ ഉണ്ടാക്കേണ്ട കാര്യമില്ല. മനുഷ്യനെ പൊടിയിൽനിന്ന് എടുത്തതാണെന്നു കാണിക്കുവാൻ ഒരു പുതിയ മനുഷ്യനെ അവൻ സൃഷ്ടിക്കേണ്ട ആവശ്യമില്ല. നമ്മളോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കേണ്ടതിനു വീണ്ടും ദൈവത്തിനു തന്റെ പുത്രനെ അയക്കേണ്ട കാര്യമില്ല. ഒരിക്കൽ ഉറപ്പിച്ചതായ വചനത്തെ വീണ്ടും ഉറപ്പിക്കുവാൻ അത്ഭുതം ചെയ്യേണ്ട ആവശ്യമില്ല. നാം എന്തെല്ലാം അറിയേണമോ അതെല്ലാം സംസാരിക്കുകയും എഴുതപ്പെടുകയും ചെയ്തുകഴിഞ്ഞു. സുവിശേഷമാണ് രക്ഷയ്ക്കുള്ള ദൈവശക്തി [റോമർ 1:16] നിങ്ങൾ കർത്താവിനേയും അവന്റെ വചനത്തേയും തള്ളിക്കളയുമ്പോൾ പരിശുദ്ധാത്മാവിനെയാണ് തള്ളിക്കളയുന്നത്. കാരണം പരിശുദ്ധാത്മാവാണ് ബൈബിൾ എഴുതുവാൻ എഴുത്തുകാരെ നിയോഗിച്ചത് [1 പത്രോസ് 1;22–25]. അവൻ തന്റെ വചനം തന്നിരിക്കുന്നത് ഞാൻ വായിച്ച് മനസിലാക്കി അനുസരിക്കുന്നതിനാണ്. എന്റെ ഹൃദയത്തിനും മനസിനും മാററമുണ്ടാകുന്നതും അപ്രകാരമായിരിക്കണം. അപ്രകാരം ദൈവവചനം ഞാൻ അനുസരിക്കുമ്പോൾ അവൻ എന്നെ രക്ഷിക്കുകയും തന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നു [യോഹന്നാൻ 20:30, 31; മർക്കോസ് 16;16; പ്രവൃത്തി 2;47]. ഞാൻ കർത്താവിന്റെ അധികാരത്തെ മാനിക്കുകയും അവൻ പറയുന്നത് അന്തിമമായി സ്വീകരിക്കുകയും ചെയ്യുന്നു. തിരുവെഴുത്ത് എന്തെങ്കിലും പഠിപ്പിക്കാതിരിക്കുന്നുവെങ്കിൽ അതു ഞാൻ വിശ്വസിക്കാതിരിക്കുന്നു. ദൈവവചനത്തിനപ്പുറമായി ഉള്ളത് എന്തുതന്നെയായാലും അതു ദൈവത്തിന്റേതല്ല; മറിച്ച് പിശാചിന്റേതാണ്.

ഇപ്പോൾ ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ. ഏതുതരത്തിലുള്ള ദൈവത്തെയാണ് നിങ്ങൾ സേവിക്കുന്നത്? അവൻ ജീവിക്കുന്നുവെന്നു തെളിയിക്കേണ്ടതിനു വീണ്ടും വീണ്ടും വചനത്തെ ഉറപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ബലഹീനദൈവത്തെയാണോ? ഇതുപോലെയുള്ള പല അവസരങ്ങളിലും അവൻ എന്തുകൊണ്ട് പ്രതികരിക്കുന്നില്ല? ചിലർ പറയുന്നതുപോലെ ദൈവം ഇന്നും അത്ഭുതം പ്രവർത്തിക്കുന്നവനാണെങ്കിൽ ആ ദൈവം എവിടെ? ഒളിച്ചിരിക്കുകയാണോ? അവൻ എന്തുകൊണ്ട് ഇവരെ സഹായിക്കുന്നില്ല? അവർ പറയുന്നതുപോലെ യഥാർത്ഥമായി അത്ഭുതം നടക്കുന്നുവെങ്കിൽ ഇന്ത്യയിലുള്ള ആളുകൾ എല്ലാം എന്നേ ക്രിസ്തുവിൽ വിശ്വസിച്ചു കഴിയുമായിരുന്നു. പ്രതാപശാലികളും കഴിവുള്ളവരുമായ അനേകം ആളുകൾ മരണമടഞ്ഞിട്ടുണ്ട്. അവരിൽ ചിലരെയെങ്കിലും ഉയിർപ്പിച്ച് ലോകത്തിനു നേട്ടമുണ്ടാക്കി കൊടുത്തുകൂടെ? വെറും കാപട്യത്താൽ മററുള്ളവരെ വഞ്ചിക്കുന്ന പ്രവണത അവർ ഇനിയെങ്കിലും നിർത്തിയെങ്കിൽ കൊള്ളാമായിരുന്നു. അത്ഭുത രോഗശാന്തി എന്നെല്ലാം വലിയ പരസ്യം

പേപ്പറിൽ കാണുമ്പോൾ സാധാരണക്കാർ ഇളകിപ്പോകും. വിഗ്രഹം വെച്ച് പണം സമ്പാദിക്കുന്നതുപോലെ ദുരാദായം പ്രതീക്ഷിച്ചു ചെയ്യുന്ന മതപരമായ തെറ്റുകളിൽ ഒന്നത്രെ ഇതും. ശക്തിരഹിതവും യുക്തിരഹിതവുമായ ഇത്തരം പ്രവൃത്തികളിൽനിന്നു തിരിഞ്ഞ് ജനങ്ങൾ ദൈവത്തിങ്കലേക്കും അവന്റെ വചനത്തിലേക്കും തിരിയണം.

അശുദ്ധാത്മാവിന്റെ ബാധയാണ് രോഗകാരണമെന്നു മുദ്രകുത്തി അതിനെ പുറത്താക്കുന്നതിനായി ഉപവാസവും പ്രാർത്ഥനയും മാസങ്ങളോളം നടത്തി നിരവധി ജീവിതങ്ങളെ നശിപ്പിച്ച സംഭവങ്ങൾ നാം പേപ്പറിലൂടെ വായിച്ചിട്ടുണ്ടല്ലോ. സാത്താന്, സാത്താനെ പുറത്താക്കാൻ കഴിയുകയില്ല എന്നത്രെ യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്. അപ്പോസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ അശുദ്ധാത്മാവ് ബാധിച്ച സംഭവത്തെ വിവരിക്കുന്നുണ്ട്. എന്നാൽ ദേശാന്തരികളായി നടക്കുന്ന മന്ത്രവാദികളായ ചില യെഹൂദന്മാർ, പൗലോസ് പ്രസംഗിക്കുന്ന യേശുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോടു ആണയിടുന്നു എന്നു പറഞ്ഞ് യേശുവിന്റെ നാമം ചൊല്ലുവാൻ തുനിഞ്ഞു. ഇങ്ങനെ ചെയ്തവർ മഹാ പുരോഹിതനായ സ്കേവാ എന്ന ഒരു യെഹൂദന്റെ ഏഴു പുത്രന്മാർ ആയിരുന്നു. ദുരാത്മാവ് അവരോടു: യേശുവിനെ ഞാൻ അറിയുന്നു; പൗലോസിനെയും പരിചയമുണ്ട്. എന്നാൽ നിങ്ങൾ ആർ എന്നു ചോദിച്ചു. പിന്നെ ദുരാത്മാവുള്ള മനുഷ്യൻ അവരുടെ മേൽ ചാടി ജയിക്കയാൽ അവർ നഗ്നരും മുറിവേറ്റവരുമായി ആ വീട്ടിൽ നിന്നു ഓടിപ്പോയി (പ്രവൃത്തി 19; 13- 16) ഇതു പോലെയുള്ള സംഭവങ്ങൾ ഒന്നും നാം ഇന്നു കാണുന്നില്ല. മാത്രമല്ല ഭൂതങ്ങളെ പുറത്താക്കുവാൻ മനുഷ്യർക്ക് സാദ്ധ്യവുമല്ല.

നിങ്ങൾ ദൈവത്തിനുള്ളവനായിത്തീരണമെങ്കിൽ ദൈവേഷ്ടപ്രകാരം ക്രിസ്ത്യാനികളായിത്തീരണം. നിങ്ങൾ അവനെ ധരിക്കണം. ബൈബിളിൽ വായിക്കുന്ന ഏക സഭയായ കർത്താവിന്റെ സഭയിലെ ഒരംഗമാണോ നിങ്ങൾ? (മത്തായി 16:18; എഫെസ്യർ 5:23–27). തിരുവെഴുത്തിൽ പറയുന്ന കാര്യങ്ങൾ വിശ്വസിക്കുകയും അല്ലാത്തവ വിശ്വസിക്കാതിരിക്കുകയും ചെയ്യുക. അത്ഭുതം ചെയ്യുവാൻ കഴിയുമെന്ന് അവകാശപ്പെടുന്നവർ എന്തുകൊണ്ട് നാമധേയ വിഭാഗങ്ങളെയെല്ലാം ഒന്നാക്കി മാറ്റുന്നില്ല? യേശുക്രിസ്തുവിന്റെ പ്രാർത്ഥന എല്ലാവരും ഒന്നായി തീരേണ്ടതിനായിരുന്നുവല്ലോ. പ്രിയരെ, പരിശുദ്ധാത്മാവ് പഠിപ്പിക്കുന്ന ഉപദേശരൂപം ഒന്നുമാത്രമാണ്. ആത്മാവ് ഒരിക്കലും വിഭജിക്കുകയില്ല. ആത്മാവിന്റെ ഐക്യതയിൽ സമാധാനത്തോടെ ജീവിക്കുവാനാണ് അപ്പോസ്തലന്മാർ നമ്മെ ഉത്തേജിപ്പിക്കുന്നത്. വ്യത്യസ്തമായ ഉപദേശങ്ങളും തോന്നലുകളും മനുഷ്യമനസുകളെ കലക്കിക്കളയുന്നത് ഒരിക്കലും പരിശുദ്ധാത്മാവല്ല. ആകയാൽ നിങ്ങൾ കേൾക്കുന്നവ ദൈവത്തിൽനിന്നോ അതോ മനുഷ്യനിൽനിന്നോ എന്നു പരിശോധിച്ച് ദൈവത്തിൽനിന്നല്ലായെങ്കിൽ അവ ത്യജിച്ചുകളയുക. കാരണം ഇന്ന് ധാരാളം ദുരുപദേശങ്ങളുടെ മദ്ധ്യേയാണ് നാം ജീവിക്കുന്നത്.

# മരിച്ചവർ എവിടെയാകുന്നു?

**റോയ് രെസ്ലീ**

മരിച്ചവർ എവിടെയാകുന്നുവെന്ന ചെറുപ്പക്കാരെയും വൃദ്ധരേയും അമ്പരപ്പിക്കുന്ന ചോദ്യം ചർച്ചചെയ്യുന്നതിനായിഞാൻ ആഗ്രഹിക്കുന്നു. ആത്മാവും ശരീരവും യോജിച്ചുണ്ടായ ഒരു ജീവിയാണു മനുഷ്യൻ (ഉൽപ്പത്തി 2:7). ഇതിൽ ശരീരം താൽക്കാലികമാകുന്നു, എന്നാൽ ആത്മാവ് നിത്യമാകുന്നു. ശരീരം മരിക്കുകയും ജീർണ്ണിക്കുകയും ചെയ്യുന്നു. ആത്മാവ് നിത്യമായി ജീവിക്കുന്നു.

മരണത്തോടുകൂടി ശരീരത്തിന് എന്തു സംഭവിക്കുന്നു എന്നതല്ല നാം ശ്രദ്ധിക്കുന്നത്. നമ്മുടെ ആത്മാവിന് എന്തു സംഭവിക്കുന്നു എന്നതാണ്. മരണത്തോടുകൂടി ആത്മാവ് എവിടെ പോകുന്നു? അത് ശ്മശാനത്തിലേക്കോ ചുടുകാട്ടിലേക്കോ പോകുന്നില്ല. ആത്മാവ് ശരീരത്തിൽനിന്നും വേർപെടുത്തപ്പെടുന്നുവെന്നും ശരീരം മാത്രം ശ്മശാനത്തിലേക്കു പോകുന്നുവെന്നുമുള്ള സത്യം വളരെ വ്യക്തമാണ്.

ആത്മാവ് ഒരിക്കലും ശുദ്ധീകരണസ്ഥലത്തേക്കു പോകുന്നില്ല. ചില പാപകൃത്യങ്ങൾ നടത്തുന്നവർ അതിൽനിന്നും ശുദ്ധീകരിക്കപ്പെടുന്നതിനായി കുറേ കാലത്തേക്കു യാതനകൾ അനുഭവിക്കുന്നതിനായി ശുദ്ധീകരണസ്ഥലത്തേക്കു പോകുന്നുവെന്ന് അന്ധമായി ചിലർ വിശ്വസിക്കുന്നു. ദൈവവചനങ്ങളിൽ അതിനെക്കുറിച്ച് യാതൊരു സൂചനകളുമില്ല. മരണത്തോടുകൂടി ആത്മാവ് നേരിട്ടു സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ പോകുന്നില്ല.

കുരിശിൽ മരിക്കുന്നതിനുമുമ്പ് യേശു, പശ്ചാത്തപിച്ച കള്ളനോടു പറഞ്ഞു. "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു". മനസ്താപിച്ച കള്ളൻ ആ ദിവസം പറുദീസയിലേക്കു പോയി എന്ന് യേശു പറയുന്നു. എന്നിരുന്നാലും മൂന്നാം ദിവസത്തിനുശേഷം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ തോട്ടത്തിൽ മേരി മഗ്ദലനയ്ക്ക് യേശു പ്രത്യക്ഷനായി പറഞ്ഞു. "എന്നെ തൊടരുത്. ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപ്പോയില്ല........" (യോഹ: 20:17). യേശുവും കള്ളനും വെള്ളിയാഴ്ച പറുദീസയിലേക്കു യാത്ര ചെ

യ്തു. എന്നാൽ ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസം അവൻെറ പിതാവിൻെറ അടുക്കൽ ഇതുവരെ പോയില്ലായെന്ന് അവൻ പറഞ്ഞു. അതിനാൽ പറുദീസ ദൈവം വസിക്കുന്ന സ്ഥലമല്ലെന്നു വ്യക്തമാണ്.

പറുദീസ എവിടെയാകുന്നു? അവൻ മരിച്ചപ്പോൾ യേശുവിൻെറ ആത്മാവ് എവിടെപ്പോയി എന്നു നാം പഠിക്കുകയാണെങ്കിൽ ഉത്തരം നമുക്ക് അറിയുവാൻ കഴിയും. അ: പ്ര: 2: 26, 27 വാക്യങ്ങളിൽ ക്രിസ്തുവിൻെറ പുനരുത്ഥാനത്തെക്കുറിച്ചു ദാവീദിൻെറ പ്രവചനം പത്രോസ് എടുത്തു പറയുന്നു. നരകമെന്ന വാക്ക് രാജാക്കൻമാരിൽ യാക്കോബിൻെറ പരിഭാഷയിലെ പാതാളം എന്നതാണ്. യഥാർത്ഥത്തിൽ മരിച്ചവരുടെ ആത്മാക്കൾ ഉൾക്കൊള്ളുന്നതാണ് പാതാളം. യേശുവും കള്ളനും പാതാളത്തിലേക്കു പോയി. അവിടെയാണു പറുദീസ സ്ഥിതിചെയ്യുന്നത്.

പാതാളലോകം എന്തുപോലെയാകുന്നു? നമ്മോടു പറയുന്ന എന്തെങ്കിലും വഴികൾ അതോട് ഉണ്ടോ? ലൂക്കോസിൻെറ 16-ാം അദ്ധ്യായത്തിൽ ലാസർ മരിച്ചു അബ്രഹാമിൻെറ മടിയിലേക്ക് എടുക്കപ്പെട്ടു. ധനവാൻ മരിച്ചു, പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മേലോട്ടു നോക്കി. ലാസർ വിരലിൻെറ അറ്റം വെള്ളത്തിൽ മുക്കി അവൻെറ വരണ്ട നാവു തണുപ്പിക്കുന്നതിന് പിതാവായ അബ്രഹാമിനോടു ധനവാൻ യാചിച്ചു. പാതാളത്തിലെ യാതനാസ്ഥലത്തിനും പറുദീസയ്ക്കും തമ്മിൽ വലിയ പിളർപ്പ് ഉള്ളതിനാൽ അതു സാദ്ധ്യമല്ലെന്ന് അബ്രഹാം മറുപടി പറഞ്ഞു. ലോകത്തിലെ അവൻെറ സഹോദരങ്ങളെ താക്കീതു ചെയ്യുന്നതിനായി ലാസറിനെ അയയ്ക്കുന്നതിനായി അവൻ വീണ്ടും അബ്രഹാമിനോടു യാചിച്ചു. എന്നാൽ അവർക്കു മോശയും പ്രവാചകൻമാരും ഉണ്ടെന്ന് അബ്രഹാം പറഞ്ഞു. ഇതിൽനിന്നും ആത്മാവ് ശരീരത്തിൽനിന്നും വേർപെടുമ്പോൾ ശരീരം ശ്മശാനത്തിലേക്കു പോകുന്നു. എന്നാൽ ആത്മാവ് പാതാളത്തിലേക്കു അതിൻെറ വഴിയെ കടന്നുപോകുന്നു. പവിത്രരായവർ പറുദീസയിലേക്കോ, അബ്രഹാമിൻെറ മടിയിലേയ്ക്കോ പോകുന്നു. പാപികൾ യാതനാസ്ഥലത്തേക്കു പോകുന്നു. ഒരു വലിയ പിളർപ്പ് ഈ രണ്ടു സ്ഥലങ്ങളേയും വേർപെടുത്തുന്നു. ദേഹത്തിൽനിന്നും വേർപെടുത്തപ്പെട്ട ആത്മാക്കൾ പാതാളത്തിൽ മററുള്ള ഓരോരുത്തരേയും തിരിച്ചറിയുന്നു. ലോകത്തിൽ എന്തു സംഭവിക്കുന്നുവെന്നും അവർ അറിയുന്നു.

ധനവാൻെറയും ലാസറിൻെറയും നിത്യമായ അവസ്ഥ ഇതല്ലെന്നു നമുക്കറിയാം. എന്തുകൊണ്ടെന്നാൽ ഇപ്പോഴും ലോകത്തിൽ ജീവിതം ഉണ്ട്. ന്യായവിധി ഇതുവരെ വന്നിട്ടില്ല. യഥാർത്ഥത്തിൽ ഇതു

സംഭവിച്ചത് ക്രിസ്ത്യൻ കാലഘട്ടത്തിനു മുമ്പാകുന്നു. അതുകൊണ്ടാണ് അവന്റെ സഹോദരൻമാർക്കു മോശയേയും പ്രവാചകൻമാരെയും കേൾക്കുവാൻ കഴിയുമെന്ന് അബ്രഹാം പറഞ്ഞത്. ക്രിസ്ത്യൻ കാലഘട്ടം ആരംഭിച്ചിരുന്നുവെങ്കിൽ അവർക്കു ക്രിസ്തുവും അപ്പോസ്തലൻമാരും ഉണ്ടെന്ന് അവൻ പറയുമായിരുന്നു.

ചിലർ ചോദിച്ചേക്കാം ഇതെല്ലാം ശരിയാണെങ്കിൽ ന്യായവിധിയുടെ ആവശ്യമുണ്ടോ? ദൈവം കോടതി കൂടുമെന്നും ഒരാൾ കുററക്കാരനാണോ അല്ലയോ എന്നു വിധിപറയുന്നതിനുമുമ്പായി സാക്ഷ്യം കേൾക്കുമെന്നും നാം അനുമാനിക്കേണ്ട കാര്യമില്ല. യഥാർത്ഥത്തിൽ നാം ഇപ്പോൾ വിസ്താരത്തിൽ ആകുന്നു. നാം മരിക്കുന്നതോടുകൂടി വിധിയും എഴുതിക്കഴിഞ്ഞിരിക്കും. അതു മാററുവാൻ ആരാലും സാധിക്കുകയില്ല. ന്യായവിധിയിൽ ന്യായാധിപൻ വിധിവാചകം ഉച്ചരിക്കുക മാത്രമേയുള്ളൂ. പവിത്രരായവർ എന്നന്നേക്കും ദൈവത്തോടുകൂടി വസിക്കുന്നതിനായി സ്വർഗ്ഗത്തിലേക്കു പോകുന്നു. എന്നാൽ നഷ്ടപ്പെട്ടവർ പിശാചിനോടും അവന്റെ ദൂതൻമാരോടും എന്നന്നേക്കും ആയിരിക്കുന്നതിനായി നരകത്തിലേക്കു പോകുന്നു.

# സഭകളും സഭാദ്ധ്യക്ഷൻമാരും

ജെ. ഫ്രാൻസിസ്, പൂന്തുറ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ബൈബിൾ പഠിപ്പിക്കുന്നത്—

1. ദൈവവചനങ്ങൾ എല്ലാവർക്കും വേണ്ടിയുള്ളതാണ്. (യോഹ. 5:39; അ.പ്ര. 17:11; 1 പത്രോ. 2:2; 2 പത്രോ. 1:19; വെളി: 1:3)

2. ദൈവവചനങ്ങൾ പ്രത്യേകമായി വ്യാഖ്യാനിക്കപ്പെടുവാൻ ഉള്ളതല്ല (2 പത്രോ: 1:20).

III കത്തോലിക്കാ സഭയ്ക്കു മാത്രമേ ശരിയായ ബൈബിൾ ഉള്ളുവെന്നാണ് അവരുടെ പക്ഷം.

ശരിയായ ബൈബിൾ അവർക്കു മാത്രമേയുള്ളുവെങ്കിൽ എന്തിനാണു അതു വത്തിക്കാനിൽ ഭദ്രമായി പൂട്ടി വച്ചിരിക്കുന്നത്? പ്രാ

ർത്ഥന പുസ്തകങ്ങൾക്ക് പകരം ആ ബൈബിൾ ജനങ്ങളുടെ ഉപയോഗത്തിനായി നൽകിക്കൂടെ? ജനങ്ങൾ ബൈബിൾ വായിച്ചു മനസ്സിലാക്കി കഴിഞ്ഞാൽ കത്തോലിക്കാ സഭാദ്ധ്യക്ഷൻമാരുടെ നിലനില്പ്പ് ഇല്ലാതായി പോകുമോ?

## സഭയെ കുറിച്ചുള്ള പഠനങ്ങൾ

I കത്തോലിക്കാസഭ മാത്രമേ സത്യ അപ്പൊസ്തോലിക സഭയായിട്ടുള്ളൂ.

ബൈബിൾ പഠിപ്പിക്കുന്നത്—

1. സത്യസഭ നക്ഷത്രങ്ങൾ കൊണ്ടലങ്കരിച്ച കിരീടം ധരിച്ച സ്ത്രീയുടെ രൂപത്തിൽ മരുഭൂമിയിലേക്കു ഓടിഒളിച്ചു. 1260 ദിവസം അവിടെ താമസിച്ചു. (വെളി: 12: 1–7) ഒരു ദിവസം എന്നത് പ്രവചന ചരിത്രം പ്രതിനിധീകരിക്കുന്നത് ഒരു വർഷമായിട്ടാണ്. (യെഹെ: 4: 5, 6)

2. സത്യസഭ ഒളിവിൽ പോയപ്പോഴാണു കത്തോലിക്കാസഭ നിലവിൽ വന്നത്.

3. സഭയും രാജ്യഭരണവും ഒന്നിച്ചുചേർന്നതാണ് കത്തോലിക്കാ സഭ. A.D 325–ൽ കോൺസ്റ്റൻറിൻ ചക്രവർത്തിക്കുമുമ്പ് സഭയും രാജ്യഭരണവും ഒന്നിച്ചുചേർന്നതല്ലായിരുന്നു സഭ. അതു കൊണ്ട് ആദ്യകാലങ്ങളിൽ കത്തോലിക്കാസഭ നിലനിന്നിരുന്നില്ല.

4. ആദ്യത്തെ മൂന്നു നൂററാണ്ടുകളിൽ ക്രിസ്തുസഭ (റോമ: 16:16), ദൈവസഭ (1 കൊരി: 1: 1), ആദ്യജാതരുടെ സഭ (എബ്രാ: 12:23) തുടങ്ങിയ നാമങ്ങളിലാണ് സഭയെ വിളിച്ചിരുന്നത്. വിശ്വാസം പരിത്യജിച്ച നാൾവരെ സഭയെ കത്തോലിക്കാ സഭയെന്ന് ഒരിക്കലും വിളിച്ചിരുന്നില്ല.

5. ബൈബിളിൽ കത്തോലിക്കാ സഭയെ വിശ്വാസം പരിത്യജിച്ച സഭയായിട്ടാണു നിർവ്വചിച്ചിരിക്കുന്നത്. അവളെ വേശ്യമാരുടെയും മ്ളേച്ഛതകളുടെയും മാതാവായിട്ടാണ് ബൈബിളിൽ വിളിച്ചിരുന്നത് [വെളി: 17:1–18].

i) അവൾ ഏഴു കുന്നുകളിൽ ഇരിക്കുന്ന ഒരു മഹാനഗരം ആകുന്നു. (വെളി: 17: 9, 18)

ii) റോം കത്തോലിക്കാസഭയുടെ ആസ്ഥാനമാണ്. ഏഴു കുന്നുകളിൽ അതു സ്ഥിതി ചെയ്യുന്നു.

iii) വംശങ്ങളും പുരുഷാരങ്ങളും ജാതികളും ഭാഷകളുമാകുന്ന വെള്ളത്തിൻമേൽ അവൾ ഇരിക്കുന്നു. (വെളി: 17: 1, 15)

iv) അവൾ ഭൂമിയിലെ രാജാക്കൻമാരോടു വേശ്യാവൃത്തി ചെയ്തു തന്റെ വേശ്യാവൃത്തിയുടെ മദ്യത്താൽ ഭൂവാസികളെ മത്തരാക്കിയവളായി പെരുവെള്ളത്തിൻമീതെ ഇരിക്കുന്ന മഹാവേശ്യ (വെളി: 17: 1, 2) ആത്മീക വേശ്യാവൃത്തിയാണു ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

v) വിശുദ്ധൻമാരുടെ രക്തവും യേശുവിന്റെ സാക്ഷികളുടെ രക്തവും കുടിച്ചു അവൾ മത്തയായിരിക്കുന്നു. (വെളി:7:5) History of her inquisitions എന്ന ബുക്ക് വായിക്കുക.)

vi) അവൾ നിഗൂഢതയുള്ളവളാകുന്നു. (വെളി:17: 5) കത്തോലിക്കാ സഭയേക്കാൾ കൂടുതൽ നിഗൂഢത നിറഞ്ഞതു വേറെ ഏതെങ്കിലും ഉണ്ടോ?

vii) അവളെ ബാബിലോൺ എന്നു വിളിക്കുന്നു (വെളി: 17:5). ബാബിലോൺ അർത്ഥമാക്കുന്നത് നിഗൂഢതയെന്നാണ്. ലോകത്തിലെ എല്ലാ ആത്മീയ നിഗൂഢതകൾക്കും കാരണം അവളാകുന്നു. സഭയുടെ പേര്, ഭരണസമിതിയുടെ രൂപം, സ്നാനപ്രവൃത്തി തുടങ്ങിയവ അവൾ മാററിമറിച്ചുകളഞ്ഞു. എല്ലാ മാനുഷിക മതവിശ്വാസങ്ങളുടെയും കാരണക്കാരി അവൾതന്നെയാണ്. ഈ മാററങ്ങളിലൂടെ അവൾ ലോകത്തെ ആത്മീയ നിഗൂഢതയിലേക്ക് എറിഞ്ഞുകളഞ്ഞു.

viii) അവളെ വേശ്യകളുടെയും മ്ളേച്ഛതകളുടെയും മാതാവെന്നു വിളിക്കപ്പെടുന്നു. അവളുടെ വേദപഠനത്തിൽ അവളാണ് എല്ലാ സഭകളുടെയും മാതാവെന്നു അവൾ തന്നെ പഠിപ്പിക്കുന്നു.

ix) അതുകൊണ്ടു കത്തോലിക്കാ സഭ സത്യ അപ്പൊസ്തോലിക സഭയല്ല. എന്നാൽ അവൾ വിശ്വാസം പരിത്യജിച്ച സഭയാണ്. പത്രോസ് റോമിൽ സഭ സ്ഥാപിച്ചുവെന്നും അവനിൽ സഭ പണിയപ്പെട്ടുവെന്നും അവൾ പഠിപ്പിക്കുന്നു.

ബൈബിൾ പഠിപ്പിക്കുന്നത്—

1. ആത്മീയ വരങ്ങൾ നൽകുന്നതിനുള്ള അധികാരം അപ്പോസ്തലൻമാർക്കു മാത്രമേ ഉണ്ടായിരുന്നുള്ളു (അ:പ്ര: 6:1–6; 8: 12–18; 19:6,7; 2 തിമൊ: 1:6)

2. റോമിലെ വിശ്വാസികളുടെ സ്ഥിരീകരണത്തിനായി ആത്മീയവരം വല്ലതും അവർക്കു നൽകുന്നതിനായി പൗലോസ് റോമിലെ സഭയെ സന്ദർശിക്കുന്നതിനായി ആഗ്രഹിച്ചു. (റോമ: 1: 10, 11) ഇത് കാണിക്കുന്നത് ഏതെങ്കിലും അപ്പോസ്തലൻമാരാൽ റോമിൽ സഭ സ്ഥാപിച്ചിട്ടില്ലായെന്നും, ആത്മീയ വരങ്ങൾ പൂർണ്ണമായി അവർക്ക് കിട്ടിയിട്ടില്ലായെന്നുമാണ്.

3. അതുകൊണ്ടു പത്രോസ് റോമിൽ സഭ സ്ഥാപിച്ചിട്ടില്ല. അവൻ അപ്രകാരം ചെയ്തിരുന്നുവെങ്കിൽ എല്ലാ അധികാരങ്ങളും ഉണ്ടായിരുന്ന പത്രോസ് ആത്മീക വരങ്ങൾ ആ സഭയ്ക്കു പൂർണ്ണമായി നൽകാതിരിക്കുമായിരുന്നോ?

4. അവനിൽ സഭ സ്ഥാപിച്ചിരിക്കുന്നുവെന്ന കാര്യം പത്രോസ് തന്നെ പൂർണ്ണമായി നിഷേധിച്ചിരിക്കുന്നു (1 പത്രോ: 2:4–6)

5. സഭ പെട്രായിൽ (Petra) പണിതിരിക്കുന്നു. പെട്ര അർത്ഥമാക്കുന്നത് പാറ എന്നാണ്. ആ പെട്ര അല്ലെങ്കിൽ പാറ ക്രിസ്തുവല്ലാതെ മററാരുമല്ല 1 കൊരി: 10:4).

## പോപ്പിന്റെ സ്ഥാനം

I പത്രോസ് ആദ്യത്തെ പോപ്പും സഭയുടെ തലവനും ആയിരുന്നു എന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

ബൈബിൾ പഠിപ്പിക്കുന്നത്—

1. പത്രോസ് സഭയുടെ തലവനാണെന്ന കാര്യം അവൻ തന്നെ നിഷേധിക്കുന്നു. ക്രിസ്തുവാകുന്നു സഭയുടെ തലയെന്നു അവൻ ഏററു പറയുന്നു (1 പത്രോ ; 2; 4–6)

2. ക്രിസ്തുവത്രെ സഭയുടെ തലവനെന്നു പൗലോസ് പറഞ്ഞു (എഫെ; 5:23 ; കൊലൊ: 1; 18)

3. പത്രോസ് ശ്രേഷ്ഠത ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല (1 പത്രോ ; 5: 1)

4. പൗലോസ് അവനെ കുറിച്ചു സംസാരിക്കുമ്പോൾ അവൻ അതിശ്രേഷ്ഠതയുള്ള അപ്പോസ്തലൻമാരേക്കാൾ ഒട്ടും കുറഞ്ഞവനല്ല എന്നു നിരൂപിക്കുന്നതായി പറഞ്ഞു (2 കൊരി ; 11 : 5)

5. ആദ്യത്തെ സഭാസമിതിയിൽ പത്രോസല്ല യാക്കോബ് ആണ് അദ്ധ്യക്ഷനായിരുന്നത് (അ: പ്ര: 15; 13, 19)
6. ആരുടെമേലും അധിപൻമാരായി കർത്തൃത്വം നടത്തരുതെന്ന് യേശു ശിഷ്യൻമാരെ പഠിപ്പിച്ചു (മത്താ; 20; 25, 26).

7. ആദ്യത്തെ പോപ്പ് അല്ലെങ്കിൽ പാപ്പ ആറാം നൂററാണ്ടിലാണ് പ്രസ്താവിക്കപ്പെട്ടത്.

II പോപ്പുമാർ പത്രോസിന്റെ പിൻഗാമികളാണെന്നു കത്തോലിക്കാ സഭ പഠിപ്പിക്കുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

# ഒരു സ്നേഹ സന്ദേശം

(ഒക്ടോബർ ലക്കത്തിന്റെ തുടർച്ച)

മത്തായി 6:33, ലൂക്കോസ് 23:42, കൊലൊസ്സ്യർ 1; 10–13, എബ്രായർ 12:28, എന്നീ ഭാഗങ്ങൾ വായിച്ചാൽ ദൈവത്തിന്റെ രാജ്യം സ്ഥാപിക്കപ്പെട്ടു എന്നു മനസ്സിലാക്കുവാൻ കഴിയും. ക്രിസ്തുവാണ് ആ രാജ്യത്തിന്റെ രാജാവ്, ദൈവത്തിന്റെ മക്കൾ (Christians) ആണ് പ്രജകൾ, പുതിയ നിയമം ആ രാജ്യത്തിന്റെ നിയമവും (Law) ആയതിനാൽ ഇനി ദൈവരാജ്യം വരും എന്നു കരുതി കാത്തിരിക്കുന്നതിൽ അർത്ഥമുണ്ടോ? ക്രിസ്തു വീണ്ടും വരുമ്പോൾ ഈ രാജ്യം പിതാവായ ദൈവത്തിന് ഭരമേല്പിക്കുകയാണ് ക്രിസ്തു ചെയ്യുക [1 കൊരിന്ത്യർ 15; 24] രാജ്യം എന്നത് സഭ തന്നെയാണ്.

താങ്കളെ ഒരിക്കലും രക്ഷിക്കുവാൻ കഴിയാത്ത ഒരു വിഭാഗത്തിലാണ് ഇപ്പോൾ അകപ്പെട്ടിരിക്കുന്നത് എന്ന് കാണുവാൻ കഴിയുന്നില്ലേ? [ദേഷ്യപ്പെടരുത്, സത്യം താങ്കളെ അറിയിക്കേണ്ടത് എന്റെ കടമയായതിനാൽ ഇത് അറിയിക്കുവാൻ പ്രേരിതനായി].

പിശാചിന്റെ കുതന്ത്രമാണ് ജനങ്ങളെ ആശയക്കുഴപ്പത്തിൽ കൊണ്ടു ചെന്നെത്തിക്കുക എന്നത്. അങ്ങനെ മനുഷ്യരെ ദൈവത്തിൽ നിന്നും ദൈവ വചനത്തിൽ നിന്നും അകററുന്നു, വിഗ്രഹാരാധനകളിൽ അനേകർ വീഴുന്നു.

യഥാർത്ഥമായ സഭയുടെ നാമം എന്തായിരിക്കും എന്ന് താങ്കൾ ചിന്തിച്ചിട്ടുണ്ടോ? പുതിയ നിയമ മാതൃക പ്രകാരം രൂപീകരിച്ചിട്ടുള്ള ക്രിസ്തീയസഭയ്ക്ക്, ദൈവത്തിന്റെ സഭ [1 കൊരിന്ത്യർ 1:2], ആദ്യജാതൻമാരുടെ സഭ [എബ്രായർ 12;23], ക്രിസ്തുവിന്റെ സഭ [റോമർ 16: 16] ജീവനുള്ള ദൈവത്തിന്റെ സഭ [1 തിമൊഥെയോസ് 3:15 എന്നീ പേരുകളാണ് [വിശേഷണങ്ങൾ] കാണുന്നത്. പരസ്പര വിരുദ്ധമായ ഉപദേശങ്ങളിൽ നിലനില്ക്കുന്ന വ്യത്യസ്തങ്ങളായ സഭകളെയല്ല ഈ നാമങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്, വെറും വിശേഷണങ്ങൾ മാത്രം എന്നു മറക്കാതിരിക്കുക. 'സഭ' എന്നു മാത്രം പുതിയ നിയമത്തിൽ സഭയെ സൂചിപ്പിക്കുന്നുണ്ട്. രക്ഷ ക്രിസ്തുവിന്റെ നാമത്തിൽ മാത്രം [പ്രവർത്തികം 4: 12]. ക്രിസ്തു തന്റെ രക്തത്താലാണ് സഭയെ വിലക്കുവാങ്ങിയത് [പ്രവൃത്തികം 20: 28]. വചനമനുസരിക്കുന്നവരാണ് സഭയിൽ ചേർക്കപ്പെടുന്നവർ [മർക്കോസ് 16: 15, 16 പ്രവൃത്തികം 2: 47].

ക്രിസ്തുവിനു മാത്രമാണ് സർവ്വ അധികാരവും [മത്തായി 28:

18]. മററേതെങ്കിലും വ്യക്തിയുടെ പേരിൽ സഭ അറിയപ്പെടണം എന്നു ക്രിസ്തു ഒരിക്കലും കല്പിച്ചിട്ടില്ല. എഫെസ്യർ 1: 15– 23, ഫിലിപ്പിയർ 2: 9.

സഭ തൻെറ മണവാട്ടി എന്നാണ് ക്രിസ്തു വിശേഷിപ്പിച്ചത്. ആയതിനാൽ സഭയ്ക്ക് ക്രിസ്തുവിൻെറ പേരല്ലാതെ മററൊരു പേര് നല്കുന്നത് തെററാണല്ലോ? [റോമർ 7: 1– 4, യോഹന്നാൻ 3: 29; II കൊരിന്ത്യർ 11; 2]

ക്രിസ്തു വരുമ്പോഴും തൻെറ നമം ധരിച്ചിട്ടുള്ള യഥാർത്ഥ മണവാട്ടിയെ മാത്രമേ സ്വീകരിക്കുകയുള്ളൂ [His Church]. യെശയ്യാവ് 62; 1-ഉം 2-ഉം വാക്യങ്ങൾ വായിക്കുമോ?

മററൊരു അതിപ്രധാനപ്പെട്ട കാര്യം താങ്കളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നത്.... ക്രിസ്തുവിൻെറ സഭയിൽ.... ആരാധനാവേളകളിൽ ഉപകരണം കൊണ്ടുള്ള സംഗീതം അനുവദിക്കുന്നില്ല... കാരണം പുതിയനിയമത്തിൽ അതിനുള്ള സ്വാതന്ത്ര്യം നൽകുന്നില്ല എന്നതുതന്നെ. സത്യത്തിലും ആത്മാവിലുമാണ് നാം ദൈവത്തെ ആരാധിക്കേണ്ടത് എന്ന് ക്രിസ്തു പഠിപ്പിച്ചതുപോലെ യഥാർത്ഥമായ ഒരു ആരാധനയാണ് ഇവിടെ നടക്കുന്നത് (യോഹന്നാൻ 4:24). ഭവനങ്ങളിൽവെച്ച് നമുക്ക് ഉപകരണം ഉപയോഗിക്കാമെങ്കിലും ആരാധനാവേളയിൽ അത് അനുവദിക്കുന്നില്ല (എഫെസ്യർ 5:19; കൊലൊസ്യർ 3;16). പഴയനിയമത്തിൽ ഉപയോഗിച്ചിരുന്നില്ലേ എന്ന് താങ്കൾ ചോദിക്കുമെന്നെനിക്കറിയാം, സുഹൃത്തേ മററപ്പെട്ട ആ പഴയനിയമത്തിൽ മൃഗങ്ങളെ യാഗം അർപ്പിക്കുക, ധൂപ വർഗ്ഗങ്ങൾ കത്തിക്കുക, പരിച്ഛേദനയേൽക്കുക, ആണ്ടിലൊരിക്കൽ യെരുശലേമിൽ പോവുക എന്നീ ആചാരങ്ങളും ഉൾക്കൊള്ളുന്നില്ലേ?

സത്യം യഥാർത്ഥത്തിൽ വളരെ മനോഹരമാണ്. സ്വാതന്ത്ര്യത്തിലേക്ക് നമ്മെ അതു വഴിനടത്തുന്നു (യോഹന്നാൻ 8;31–32).

താങ്കൾക്ക് ക്രിസ്തുവിൻെറ സഭയുടെ വസ്തുതകൾ അറിയുവാൻ സഹായിക്കുന്ന ഒരു Bible Correspondence Course ലഭ്യമാണ്, അത് പൂർത്തിയാക്കുക. ഉടൻ തന്നെ അടുത്തുള്ള ക്രിസ്തുവിൻെറ സഭയുമായി ബന്ധപ്പെടുക.

അവസാനമായി ചില കാര്യങ്ങൾകൂടി:—

a. സഭ AD 33-ൽ സ്ഥാപിക്കപ്പെട്ടു. പ്രവൃത്തി. 2
b. യെരുശലേം നഗരത്തിലാണ് ആരംഭിച്ചത്. യെശയ്യാവ് 2–ാം അദ്ധ്യായം 1 , ലൂക്കൊ24; 44–46
c. സുവിശേഷം ആ നഗരത്തിൽനിന്ന് പുറപ്പെട്ടു. പ്രവൃത്തികൾ 1;8
d. സഭ—മൂപ്പൻമാരും ശുശ്രൂഷക്കാരും ഉൾപ്പെട്ടതാണ് [ഫിലിപ്പിയർ 1;1]

ക്രിസ്തു ആരെ രക്ഷിക്കും ?

1. ക്രിസ്തു തൻെറ സഭയുടെ രക്ഷകനാണ്. എഫെസ്യർ 5;23.
2. ക്രിസ്തുവിൻെറ മണവാട്ടി— സഭ—എഫെസ്യർ 5;27 നിത്യമായി ക്രിസ്തുവിനോടൊപ്പം വാഴും.
3. ക്രിസ്തുവിൻെറ വചനമനുസരിച്ച് ക്രിസ്തുവിൽ വിശ്വസിച്ച് പാപങ്ങളെക്കുറിച്ച് മാനസാന്തരപ്പെട്ട്, ക്രിസ്തുവിനെ ഏററുപറയുകയും ജലത്താൽ പാപമോചനത്തിനായി സ്നാനമേൽക്കുകയും ചെയ്തു മരണത്തോളം വിശ്വസ്തരായ തൻെറ ജനത്തെ ക്രിസ്തു രക്ഷിക്കുന്നു.

റോമർ 10;17, യോഹന്നാൻ 8;24, 3;17, 3;36, ലൂക്കോസ് 13;3, മത്തായി 10;30–33, മർക്കോസ് 16;15–16, യോഹന്നാൻ 3;3–5, മത്തായി 28;18–20, പ്രവൃത്തികൾ 2;38, 22;16, 10;47–48, 1 കൊരിന്ത്യർ 12;13, ഗലാത്യർ 3;26–27, 1 പത്രോസ് 3;2; വെളിപ്പാട് 2;10.

വളരെയധികം എഴുതിയല്ലേ ? ഇനിയും അനേകം കാര്യങ്ങൾ അറിയിക്കണമെന്നുണ്ട്. നേരിൽ കാണുവാൻ കഴിയുമ്പോൾ വിവരിക്കാം.

ക്രിസ്തുവിൻെറ ശബ്ദം വചനത്തിലൂടെ കേൾക്കുവാൻ കഴിയട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ടു ചുരുക്കുന്നു.

സർവ്വശക്തനും, സർവ്വജ്ഞാനിയുമായ ദൈവം താങ്കളെ രക്ഷിക്കുകയും, താങ്കളോടു ഇടപെടുകയും ചെയ്യട്ടെ എന്നും അങ്ങനെ ആ ദൈവസഭയിൽ ചേർക്കപ്പെടട്ടെ എന്നും പ്രത്യാശിക്കുന്നു.

എല്ലാ ആശംസകളും നേരുന്നു.

* * *

# സ്വർഗ്ഗം

**എം. എസ്. ജോൺ, ഇരിട്ടി.**

സ്വർഗ്ഗത്തെയും നരകത്തെയും സംബന്ധിച്ച് പല തെററായ ധാരണകൾ മനുഷ്യ സമൂഹത്തിൽ ഇന്ന് പ്രചാരത്തിലുണ്ട്. ഒരു കൂട്ടർ സ്വർഗ്ഗവും നരകവും ഈ ലോകത്തിൽ തന്നെയുണ്ടെന്നും, അത ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തികളുടെ പ്രതിഫലം ഈ ലോകത്തിൽ വച്ചു തന്നെ അനുഭവിക്കുന്ന അവസ്ഥാ വിശേഷമാണെന്നും പറയുമ്പോൾ; വേറെ ചിലരുടെ അഭിപ്രായം അതു് മനുഷ്യരുടെ വെറും സങ്കല്പ സൃഷ്ടിയാണെന്നും, സ്വർഗ്ഗവും നരകവും ഉണ്ടെന്നു പറഞ്ഞു ധരിപ്പിക്കുന്ന ഒരുതരം കബളിപ്പിക്കലാണെന്നും മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ വിശുദ്ധ ബൈബിൾ (Holy Bible) പരിശോധന നടത്തി പഠിക്കുമ്പോൾ ഏതൊരാൾക്കും സ്വർഗ്ഗത്തെയും, നരകത്തെയും പററിയുള്ള നിജസ്ഥിതി ഗ്രഹിക്കാവുന്നതേയുള്ളു. നമ്മുടെ സാധാരണ ബുദ്ധി കൊണ്ടും, അറിവു കൊണ്ടും ആ വക കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

ഭൂമിയെയും, സകലത്തെയും ദൈവം സൃഷ്ടിക്കുമ്പോൾ തന്നെ

സ്വർഗ്ഗത്തേയും സൃഷ്ടിച്ചതായി ബൈബിളിൽ കാണുന്നു. ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ''ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു'' എന്നെഴുതിയിരിക്കുന്നു. ആകാശത്തെ ഇംഗ്ളീഷ് പരിഭാഷയിൽ Heaven എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ''ആദിയിൽ എന്ന വാക്ക് മനുഷ്യബുദ്ധിയ്ക്ക് അജ്ഞാതമാണ്. അനന്തമായ ആകാശവിഹായസിലെ അത്ഭുതങ്ങൾ പലതും ഇന്നും മനുഷ്യന് അജ്ഞാതമാണ്. ആകാശത്തിലെ നവഗ്രഹങ്ങളെപ്പററി നമുക്ക് ശാസ്ത്രജ്ഞൻമാരുടെ സഹായത്താൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. അവ— ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വാ, വ്യാഴം, ശനി, പ്ളൂട്ടോ, യുറാനസ്, നെപ്ററ്യൂൺ എന്നിവയാണ്. എന്നാൽ ഈ അടുത്ത കാലത്ത് ആകാശത്ത് ഒരു ഗ്രഹം കൂടി ഉള്ളതായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ദശഗ്രഹങ്ങൾ ആയി. പുതിയ ഗ്രഹത്തിന് പേരിട്ടിട്ടില്ല. ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന ഗ്രഹത്തെപ്പററിയുള്ള അന്വേഷണം 1910 –ൽ ആരംഭിച്ചതാണ്, അവയ്ക്ക് ഭൂമിയെക്കാൾ അഞ്ചിരട്ടി വലിപ്പം ഉണ്ട്. സൂര്യനെ ഒന്നു പ്രദിക്ഷണം ചെയ്യാൻ 700 വർഷങ്ങൾ എടുക്കുന്നു. ഈ പുതിയ ഗ്രഹത്തെ കണ്ടു പിടിച്ച ശാസ്ത്രജ്ഞൻ അമേരിക്കക്കാരനായ ജോൺ ആൻഡേഴ്സൺ ആണ്. പ്രപഞ്ചത്തിൽ മനുഷ്യവാസം ഉണ്ടാകാനുള്ള ധാരണയ്ക്ക് വളരെ പ്രതീക്ഷ ഉളവാക്കുന്നു എന്ന് അദ്ദേഹം പറയുന്നു.

എന്നാൽ മനുഷ്യൻ ജഡത്തിലായിരിക്കുമ്പോൾ സ്വർഗ്ഗം എന്ന സ്ഥലം കണ്ടെത്തുക അസാദ്ധ്യമാണ്. പൌലോസ് കൊരിന്ത്യ ലേഖനത്തിൽ പറയുന്നു ''കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിൻെറ ദാനമായൊരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു'' (2 കൊരി 5:1) എന്ന്.

സ്വർഗ്ഗം ദൈവസൃഷ്ടിയുടെ ആരംഭം മുതൽ ഉള്ളതും അത് അഴിഞ്ഞു പോകാത്തതും എന്നേക്കും നിലനില്ക്കുന്നതുമാകുന്നു. ദൈവഹിതം അനുസരിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന ദൈവത്തിൻെറ ഭവനമാണ് സ്വർഗ്ഗം. ''എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്.'' എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. (യോഹ. 14:2).

'സ്വർഗ്ഗം' ദൈവത്തിൻെറ ഭവനം അഥവാ, വിശുദ്ധ വാസസ്ഥലമാണ്. ''നിൻെറ വിശുദ്ധ വാസസ്ഥലമായ സ്വർഗ്ഗത്തിൽ നിന്നുനോക്കി നിൻെറ ജനമായ യിസ്രായേലിനെയും, നീ ഞങ്ങളുടെ പിതാക്കൻമാരോടു സത്യം ചെയ്തതു പോലെ ഞങ്ങൾക്ക് തന്ന ദേശമായി പാലും തേനും ഒഴുകുന്ന ദേശത്തെയും അനുഗ്രഹിക്കണമേ'' (ആവർത്തന: 26: 15). യേശുക്രിസ്തു തൻെറ ശിഷ്യൻമാരെ പഠിപ്പിച്ച മാതൃക പ്രാർത്ഥനയിലും പിതാവായ ദൈവം സ്വർഗ്ഗസ്ഥനാണെ

ന്ന് പഠിപ്പിക്കുന്നു ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.! (മത്തായി: 6:9)

അപ്പോസ്തലനായ പൌലോസ് കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിൽ ''മൂന്നാം സ്വർഗ്ഗം'' എന്ന് പ്രസ്താവിച്ചിരിക്കുന്നു (2 കൊരി: 12:2). അതിനാൽ സ്വർഗ്ഗം പലത് ഉണ്ടെന്നും വിശ്വസിക്കുന്നവർ കണ്ടേക്കാം. പൌലോസ് തനിക്കു ലഭിച്ച പരിജ്ഞാനത്താൽ വെളിവാക്കിയിരിക്കുന്നത് 'മൂന്നാം സ്വർഗ്ഗം' പിതാവായ ദൈവം അധിവസിക്കുന്ന സ്ഥലം എന്നുള്ള അർത്ഥമാണ്..... ദൈവത്തിന്റെ സിംഹാസനം ഉള്ള സ്ഥലം.

നമ്മുടെ തലയ്ക്കു മീതെ കാണുന്ന ആകാശത്തിന്റെ അവസ്ഥാവിശേഷത്തെക്കുറിച്ച് പഠിച്ചാൽ ഒന്നാം സ്വർഗ്ഗം ആകാശമണ്ഡലം അഥവാ വായുമണ്ഡലം എന്നും രണ്ടാം സ്വർഗ്ഗം ശൂന്യാകാശമെന്നും, മൂന്നാം സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമെന്നും നമുക്കു മനസിലാക്കാം.

ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം എവിടെയാണെന്ന് കണ്ടുപിടിക്കാൻ ബുദ്ധി ജീവികളായ ഒരു ജഡീക മനുഷ്യനും സാദ്ധ്യമല്ല. എന്നാൽ വിശുദ്ധ ബൈബിൾ സ്വർഗ്ഗം ഉണ്ടെന്നും, അത് എവിടെ ആയിരിക്കുമെന്നും നമുക്ക് വ്യക്തമായ തെളിവുകൾ തരുന്നു. ചിലർ വിശ്വസിക്കുന്നതു പോലെ സ്വർഗ്ഗം വെറും സാങ്കല്പികമല്ല, അത് യാഥാർത്ഥ്യമാണ്.

'സ്വർഗ്ഗത്തിൽ പറുദീസ' എന്നു പേരുള്ള ഒരു സ്ഥലമുണ്ട്. ''ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു.' പൌലോസ് കൊരിന്ത്യലേഖനത്തിൽ പറയുന്നു (2 കൊരി : 12: 3). പൌലോസ് 'മൂന്നാം സ്വർഗ്ഗം' എന്നും പറുദീസാ എന്നും പറഞ്ഞിരിക്കുന്നത് ഒന്നു തന്നെയാണ്.

യേശുവിനെ ക്രൂശിച്ചപ്പോൾ, തന്നോടു കൂടെ ഇടത്തും, വലത്തുമായി ക്രൂശിച്ച കള്ളൻമാരിൽ ഒരുവനോടു യേശു പറഞ്ഞു. 'ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും' (ലൂക്കോ: 23:43).

യേശുക്രിസ്തു ഉയർത്തെഴുന്നേററ് പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നതുമായ സ്ഥാനമാണ് സ്വർഗ്ഗം.

ദൈവരാജ്യവും, സ്വർഗ്ഗരാജ്യവും ഒന്നു തന്നെയാണ്, എന്നാൽ സ്വർഗ്ഗം മേൽപറഞ്ഞ രാജ്യവുമായി ഒന്നായി ചിന്തിക്കുന്നവരുണ്ട്. അങ്ങനെ മനസ്സിലാക്കിയിരിക്കുന്നവർക്ക് തെററു പററി പോയി, ആ വിഷയങ്ങളെക്കുറിച്ച് നമുക്ക് പിന്നീട്, ഒരവസരം പഠിക്കാം.

ദൈവത്തിന്റെ വചനത്തിലൂടെ സ്വർഗ്ഗത്തിന്റെ സവിശേഷതകളെപ്പററി നമുക്ക് പരിശോധിക്കാം.

## 1. സ്വർഗ്ഗം ഉന്നത സ്ഥലമാണ്.

യെശയ്യാ പ്രവാചകൻ പറയുന്നു. ''ഉന്നതനും ഉയർന്നിരിക്കുന്നവനും, ശാശ്വതവാസിയും, പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും, പരിശുദ്ധനുമായി വസിക്കുന്നു (യെശ: 57:15)

## 2. സ്വർഗ്ഗം വിശുദ്ധ സ്ഥലമാണ്.

''അവൻ തന്റെ വിശുദ്ധ സ്വർഗ്ഗത്തിൽനിന്ന് തന്റെ വലങ്കയ്യുടെ രക്ഷാകരമായ വീര്യപ്രവൃത്തികളാൽ അവന്ന് ഉത്തരമരുളും (സങ്കീ: 20:6)

## 3. സ്വർഗ്ഗം സന്തോഷ സ്ഥലമാണ്.

വെളി: 7:9–17, വായിക്കുക.

## 4 സ്വർഗ്ഗം ഇരുട്ട് ഇല്ലാത്ത സ്ഥലം.

''ഇനി രാത്രി ഉണ്ടാകയില്ല. ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതു കൊണ്ട് വിളക്കിന്റെ വെളിച്ചമോ സൂര്യന്റെ വെളിച്ചമോ അവർക്ക് ആവശ്യമില്ല'' (വെളി. 22: 5).

## 5 സ്വർഗ്ഗം മരണവും, കണ്ണുനീരും, കഷ്ടതയും ഇല്ലാത്ത സ്ഥലമാണ്.

''അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചു കളയും. ഇനി മരണം ഉണ്ടാകയില്ല. ദു:ഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല.'' (വെളി. 21: 4)

## 6. സ്വർഗ്ഗം വിശപ്പോ, ദാഹമോ, ചൂടോ, ശൈത്യമോ ഇല്ലാത്ത സ്ഥലമാണ്.

''ഇനി അവർക്ക് വിശക്കയില്ല. ദാഹിക്കയും ഇല്ല, വെയിലും യാതൊരു ചൂടും അവരുടെ മേൽ തട്ടുകയുമില്ല'' (വെളി: 7: 16).

മനോഹരവും അത്ഭുതകരവുമായ പ്രസ്തുത വാസസ്ഥലമായ സ്വർഗ്ഗത്തിൽ വസിപ്പാൻ യോഗ്യരായവർ ആരെല്ലാമാണെന്ന് ദൈവ വചനം നമ്മെ ചൂണ്ടിക്കാണിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തു ജഡത്തിൽ ആയിരുന്നപ്പോൾ ലോകത്തോട് അരുളിച്ചെയ്തു. ''എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'' (യോഹ: 14:2–3)

ആകയാൽ സ്വർഗ്ഗത്തിൽ ആരെല്ലാം വസിക്കുന്നു എന്നും, കൂടാതെ ആരെല്ലാം വസിക്കും എന്നും നമുക്ക് ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തിക്കാം.

a) പിതാവായ ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു (മത്താ: 6: 9)

b) ദൈവത്തിന്റെ പുത്രനും, നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തു അവിടെ ഉണ്ട്. ഈ ലേഖനത്തിൽ എടുത്ത് ഉദ്ധരിച്ചിരിക്കുന്ന വേദഭാഗങ്ങളിൽ മിക്കതും അതിന് തെളിവാണ്. കൂടാതെ അപ്പൊസ്ത; 3: 21 വായിക്കുക.

c) പരിശുദ്ധാത്മാവ്, (യോഹ; 15: 26) (മത്താ:3; 16)

d) ദൈവദൂതൻമാരുടെ സംഘങ്ങൾ അവിടെ ഉണ്ട്. [മത്താ:22;30; 24: 36]

e) ഹാനോക്കും, ഏലിയാവും, മോശെയും മുതലായ പഴയ നിയമ സിദ്ധൻമാരും അവിടെ ഉണ്ട്. [ഉല്പത്തി: 5; 24] മത്താ: 17: 3]

f) അതുപോലെ തന്നെ നമ്മുടെ കർത്താവായ യേശുവിൽ ആശ്രയം വച്ച് മരിച്ച വിശുദ്ധൻമാരും, രൂപാന്തരം പ്രാപിക്കുന്ന ദൈവ ജനവും, പഴയ നിയമവിശുദ്ധൻമാരും അവിടെ ഉണ്ടാകും: ''യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നെ ദൈവം നിദ്ര കൊണ്ടവരെയും യേശുമുഖാന്തരം അവനോടുകൂടെ വരുത്തും''. [1 തെസ്സ. 4; 14; 4:16–18]

''കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ളേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ [സ്വർഗ്ഗത്തിൽ] കടക്കയില്ല.'' [വെളി : 21: 27]

സ്വർഗ്ഗം സമ്പൂർണ്ണതയാൽ നിറയപ്പെട്ടതാണ്. പൂർണ്ണ സംതൃപ്തി അവിടെ ഉണ്ട് [വെളി: 22:1–5]. നൻമകളുടെ എല്ലാം വിളനിലമാണ്, പാപം തൊട്ടുതീണ്ടാത്ത സ്ഥലം. പരിപൂർണ്ണമായ ശുശ്രൂഷകളാൽ നിറഞ്ഞിരിക്കുന്നു. ദൈവഹിതത്താൽമാത്രം സ്വർഗ്ഗം നിയന്ത്രിക്കപ്പെടുന്നു. പിതാവായ ദൈവവുമായി ഏററവും അടുത്ത സംസർഗ്ഗത്തിനുള്ള അവസരം അവിടെ ലഭിക്കുന്നു. പരിപൂർണ്ണമായ പൌരത്വം അവകാശപ്പെടാവുന്ന സ്ഥലമാണ് സ്വർഗ്ഗം. ''നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു'' [ഫിലി: 3:21]. പരിപൂർണ്ണമായ സ്വസ്ഥതയുടേയും, സമാധാനത്തിന്റേയും [എബ്രെ; 4:9] അതോടൊപ്പം മഹത്വപൂർണ്ണതയുടേയും നിത്യജീവന്റേയും ഉറവിടമാണ് സ്വർഗ്ഗം.

ദൈവം തൻെറ മക്കൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന അതിവിശിഷ്ടമായ ആ പുണ്യസ്ഥലം എവിടെ? തിരുവചന വെളിച്ചത്തിൽ അതു ഭൂമിയിൽ അല്ല. യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നുവെന്നും സ്വർഗ്ഗത്തിൽ തിരികെ കയറി എന്നും ദൈവ വചനത്തിൽ കാണുന്നു. ''സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന [വനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ] മനുഷ്യ പുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീയിട്ടില്ല'' [യോഹ. 3: 13].

''അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടു പിരിഞ്ഞു [സ്വർഗ്ഗാരോഹണം ചെയ്തു''] [ലൂക്കോ. 24: 51]

''ഇങ്ങനെ കർത്താവായ യേശു അവരോട് അരുളിച്ചെയ്ത ശേഷം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു'' [മർക്കൊ; 16: 19]

''ഗലീലാ പുരുഷൻമാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നേ അവൻ വീണ്ടും വരും എന്നു പറഞ്ഞു'' [അപ്പൊ:1:11

''അവർ കാൺകെ അവൻ ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടീട്ട് അവൻ അവരുടെ കാഴ്ചക്കു മറഞ്ഞു'' [അപ്പൊ:1:9].

മേൽ ഉദ്ധരിച്ചിരിക്കുന്ന തിരുവചന ഭാഗങ്ങളിലൂടെ സ്വർഗ്ഗം എന്ന മനോഹരമായ വാസസ്ഥലം ഭൂമിയിൽ അല്ലെന്നും അത് ഉയരത്തിലാണെന്നും മനസിലാക്കാൻ കഴിയുമല്ലോ.

യേശുക്രിസ്തു ജഡത്തിൽ വെളിപ്പെടുന്നതിനു മുൻപ് അവൻ ദൈവരൂപത്തിൽ ദൈവത്തോടുകൂടെ സ്വർഗ്ഗത്തിൽ ആയിരുന്നുവെന്നും [ഫിലി: 2:6–8] അവൻ വേഷത്തിൽ മനുഷ്യനായി തീർന്ന്; തൻെറ പിതാവിൻെറ ഹിതപ്രകാരമുളള ദൗത്യനിർവ്വഹണത്തിനുശേഷം ഉയർത്തെഴുന്നേററ് വീണ്ടും സ്വർഗ്ഗത്തിൽ ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുന്ന ഇടത്തേക്ക് ചെന്നുചേർന്നുവെന്നും തിരുവചനം നമ്മേ പഠിപ്പിക്കുന്നു. ''ക്രിസ്തു ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ''
[കൊലൊ: 3:1].

ആകയാൽ ദൈവം നമുക്ക് അവൻെറ പുത്രനായ യേശുക്രിസ്തു മുഖാന്തരം ഉയരത്തിൽ ഒരുക്കിയിരിക്കുന്ന അതിവിശിഷ്ടവും മനോഹരവും നിത്യവുമായ വാസസ്ഥലമാകുന്ന സ്വർഗ്ഗത്തിൽ ചെന്നു ചേരാൻ നമുക്ക് ഒരുങ്ങാം, യേശുക്രിസ്തു നമ്മെ സ്വീകരിപ്പാൻ വീണ്ടും ആകാശത്തിൽ പ്രത്യക്ഷനാകുമ്പോൾ അവനോടു കൂടെ ചേർക്കപ്പെടേണ്ടതിന് യേശുക്രിസ്തുവിൻെറ ഉപദേശപ്രകാരം, തിരുവചനാടിസ്ഥാനത്തിൽ നമുക്കു ഓരോരുത്തർക്കും ജീവിക്കാം. ⓑ

# ബൈബിൾ ചരിത്രം

വി.എം. യേശുദാസ്

നമ്മുടെ കൈയ്യിൽ ഇന്ന് 66 പുസ്തകങ്ങൾ കൂടിയ ഒരു ബൈബിൾ ഉണ്ട്. സഹായവിലയിൽ കിട്ടുന്ന ഈ ബൈബിൾ നമുക്ക് ഇന്നു കിട്ടുന്നതുപോലെ ആദ്യകാല ക്രിസ്ത്യാനികൾക്ക് കിട്ടിയില്ല. അന്നത്തെ കാലത്ത് ആരെങ്കിലും ഇത് സൂക്ഷിച്ചിരുന്നുവെങ്കിൽ അവരെ കൊല്ലുവാൻവരെ അധികാരികൾ ശ്രമിച്ചിരുന്നു.

ഈ ബൈബിൾ വായിക്കുവാൻ പാടില്ല എന്ന കാലം ഉണ്ടായിരുന്നു. ബൈബിൾ എഴുതപ്പെട്ട ചരിത്രത്തെക്കുറിച്ച് നമുക്കറിയാം. എന്നാൽ തർജ്ജമ (Translation) ചെയ്ത ചരിത്രവും നമ്മുടെ ഇൻഡ്യൻ ഭാഷകളിൽ ബൈബിൾ കിട്ടിയ ചരിത്രവും നമുക്ക് പരിശോധിക്കാം.

A.D 650–ൽ Caedmon എന്നു പേരുള്ള ഒരു ക്രിസ്ത്യാനിയാണ് ആദ്യമായി ഇംഗ്ലീഷിൽ ബൈബിളിനെ Translate ചെയ്യുവാൻ തുനിഞ്ഞത്. അദ്ദേഹം ബൈബിളിലെ വചനങ്ങളെ കവിതാരൂപത്തിൽ എഴുതിവെച്ചു. A.D 735–ൽ യോഹന്നാൻ എഴുതിയ സുവിശേഷം മാത്രം Venerable bede എന്നു പേരുള്ള ഒരു വ്യക്തി translate ചെയ്തു. അദ്ദേഹം മരിച്ചുപോയതിനാൽ പല വർഷങ്ങൾ തർജ്ജമകൾ ഒന്നും നടന്നില്ല.

AD 1382– John Wycliffe (ജോൺ വൈക്ലിഫ്) ആണ് പൂർണ്ണമായി ഇംഗ്ലീഷ് ബൈബിൾ തർജ്ജമ ചെയ്തതു. കൈ കൊണ്ട് എഴുതുകയായിരുന്നു അദ്ദേഹം. അനേകം കോപ്പികൾ അദ്ദേഹം എഴുതി. വളരെയധികം ചിലവ് അതിനു വേണ്ടി ആയി. അന്നത്തെ കാലത്ത് അത്തരം ഒരു ബൈബിളിന്റെ വില ഏകദേശം 1500 രൂപ ആയിരുന്നു.

AD 1456–ൽ Johannes Guten berg – Printing Machine കണ്ടുപിടിച്ചു. അങ്ങനെ കൂടുതൽ വേഗതയോടെ ബൈബിൾ പ്രിന്റു ചെയ്യുവാൻ സാധിച്ചു. പക്ഷേ കൂടുതലായി ലത്തീൻ ഭാഷയിലായിരുന്നു ബൈബിൾ അന്ന് പുറത്തിറക്കിയിരുന്നത്.

AD 1506–ൽ William Tyndale എന്ന ഒരു നല്ല ഇംഗ്ലീഷുകാരനുണ്ടായിരുന്നു. അദ്ദേഹം England ൽ വച്ച് Bible, English ൽ തർജ്ജമ ചെയ്ത പുതിയ നിയമ ഭാഗം മാത്രമാണ് അന്ന് പ്രസിദ്ധീകരിച്ചത്.

ഇന്ന് 'ക്രിസ്ത്യാനികൾ' എന്നു സ്വയം പറഞ്ഞുകൊണ്ട് ദൈവത്തിന് എതിരായി അനേകം പേർ പ്രവർത്തിക്കുമ്പോൾ അന്ന് ക്രിസ്ത്യാനികൾ എന്നറിയപ്പെട്ട യഥാർത്ഥ ശിഷ്യൻമാർ പീഡിപ്പിക്കപ്പെട്ടിരുന്നു. അനേകം ക്രിസ്ത്യാനികളെ തീയിലിട്ടു ചുടുകയുണ്ടായി. അങ്ങനെയുള്ള കാലത്താണ് William ബൈബിൾ പ്രിൻറു ചെയ്തത്. Translate ചെയ്തത് ഇംഗ്ലണ്ടിൽ വെച്ചായിരുന്നുവെങ്കിലും Printing നടത്തിയത് ജെർമ്മനിയിൽ വച്ചായിരുന്നു. 'കപട ക്രിസ്ത്യാനികൾ' Tyndale—നെ പലതരത്തിൽ പീഡിപ്പിക്കുവാൻ ശ്രമിച്ചു. അദ്ദേഹത്തിൻെറ പ്രിൻറിംഗ് പ്രസ്സ് അവർ തകർത്തു. തന്നെ തടവിലാക്കുവാൻ ശ്രമിച്ചെങ്കിലും വിലും രക്ഷപ്പെട്ടു. ഇങ്ങനെ ഒളിവിൽ വസിച്ചുകൊണ്ടാണ് Printing പൂർത്തിയാക്കിയത്. 1525-26 കാലയളവിൽ പുതിയനിയമം അദ്ദേഹം പ്രസിദ്ധീകരിച്ചു.

കള്ളക്കടത്തിലൂടെയാണ് ഈ പുതിയ നിയമം ഇംഗ്ളണ്ടിലെത്തിച്ചത്. ഇംഗ്ളണ്ടിലുണ്ടായിരുന്ന Bishop എല്ലാ അധികാരങ്ങളും ഉപയോഗിച്ചു തടയുവാൻ ശ്രമിച്ചു. അവസാനം william Tyndale അറസ്ററു ചെയ്യപ്പെടുകയും അദ്ദേഹത്തെ തീയിലിട്ടു കൊന്നുകളയുകയും ചെയ്തു. മരണസമയത്ത് William പറഞ്ഞത് ഇങ്ങനെയാണ് ''ദൈവമേ, ഇംഗ്ളണ്ടിലെ രാജാവിൻെറ കണ്ണു തുറക്കണമേ.'' അതിനു ശേഷം 50 വർഷങ്ങൾ കഴിഞ്ഞ് രാജാവിലൂടെ തന്നെ London—ൽ Bible സ്വതന്ത്രമായി Printing നടത്തുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സാഹചര്യം ഉണ്ടായി.

അതിനുശേഷം വിവിധ തരം Translations ഉണ്ടായി.

## A James Version

King James Ist of England ഏകദേശം 54—ഓളം പ്രസിദ്ധരായ പണ്ഡിതൻമാരെ ഉപയോഗിച്ച് A.D 1611—നുള്ളിൽ Translate ചെയ്ത് ബൈബിൾ പ്രസിദ്ധീകരിച്ചു. അന്നത്തെ സംസാരരീതിയാണ് ആ പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. Translation നടത്തിയതിനുശേഷം 300 കൊല്ലംവരെ ആ ഭാഷാശൈലി ഉപയോഗത്തിലുണ്ടായിരുന്നു. അതിനുശേഷം ആ ശൈലിയിൽ മാററം വന്നു.

## B. Twentieth Centuary Versions

കഴിഞ്ഞ ചില വർഷങ്ങളിൽ കൂട്ടായിട്ടും, വ്യക്തിപരമായും പരിഭാഷകൾ പുറത്തിറക്കുകയുണ്ടായി. ചില ബൈബിൾ സൊസൈററികളും, സംഘടനകളും ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. പരിഭാഷകളുടെ പെരുപ്പത്താൽ കടന്നു കൂടുന്ന ചില തെററുകൾ പലരും ശ്രദ്ധിക്കാതെ പോകുന്നു.

Revised Version, Modern Version, Revised Standard Version, New English Bible, Today's English Version. Living Bible NAV. NIV. NKJV. etc; etc. ഇങ്ങനെ പലതരത്തിലുള്ള Versions നമുക്ക് ലഭ്യമാണ്.

ഇന്ന് നമുക്ക് സുലഭമായി ദൈവത്തിന്റെ വചനം ലഭിക്കുന്നു എങ്കിലും ആദ്യം വളരെയധികം കഷ്ടതകളിലും പീഡനങ്ങളിലുംകൂടി കടന്നുപോയ അനേകരുടെ രക്തം ഇതിന്റെ പിന്നിൽ ചൊരിഞ്ഞിട്ടുണ്ട് എന്നു നാം മറക്കരുത്.

## Bible Translation In India (ഇന്ത്യയിലെ തർജ്ജമ)

William Carey എന്ന ദൈവ വേലക്കാരനാണ് ഇന്ത്യയിൽ ബൈബിൾ പ്രചരണത്തിന് അടിസ്ഥാനമിട്ടത്. ഒരു Shoe Maker ആയിരുന്ന അദ്ദേഹം 1796–ൽ ഇന്ത്യയിൽ വന്നു. ഒരു ബൈബിൾ കോളേജ് അദ്ദേഹം സ്ഥാപിച്ചു. പുതിയനിയമം ആദ്യമായി Bengali യിൽ അദ്ദേഹം തർജ്ജമ ചെയ്തു. 1797 ലായിരുന്നു അത്. 3 കൊല്ലത്തിനുശേഷം ബംഗാളിഭാഷയിൽതന്നെ ബൈബിൾ പൂർണ്ണമായി (Old & New Testament) തർജ്ജമ ചെയ്തു. 1803 മുതൽ 1806 വരെ Hindi, Oriya, Sanskrit, Marathi തുടങ്ങിയ ഭാഷകളിൽ അദ്ദേഹം പുതിയനിയമം തർജ്ജമ ചെയ്തു. പിന്നീട് ഗുജറാത്തി തെലുങ്ക്, പഞ്ചാബി എന്നീ ഭാഷകളിലും അദ്ദേഹവും മതപ്രവർത്തകരും ചേർന്ന് അങ്ങനെ അനവധി ഇന്ത്യൻ ഭാഷകളിൽ പുതിയ നിയമം തർജ്ജമ ചെയ്തു.

അതിനുശേഷം Henry Martyn എന്ന ഒരു വ്യക്തി ഇന്ത്യയിൽ വന്ന് 6 കൊല്ലം ജീവിച്ചു. 6 കൊല്ലത്തിനിടയിൽ അദ്ദേഹം 3 ഭാഷകൾ പഠിച്ചു. ആ ഭാഷകളിൽ Bible Translate ചെയ്യുകയും ചെയ്തു. ഉർദ്ദു, പേർസ്യൻ, അറബിക് (Urdu, Persian & Arabic) എന്നീ ഭാഷകളായിരുന്നു അവ.

പ്രിയ സഹോദരാ, സഹോദരീ.... നമ്മുടെ കൈവശമുള്ള ബൈബിളിന്റെ ഈ ചരിത്രങ്ങൾ നാം ഓർമ്മിക്കണം. ഇന്ന് ബൈബിൾ വായിക്കുവാൻപോലും അനേകർ മടിക്കുന്നു. അനേകം ക്രിസ്ത്യാനികളുടെ രക്തത്താൽ മുദ്രയിട്ടിരിക്കുന്നതാണ് ബൈബിൾ.

ബൈബിൾ കൈവശമില്ല എങ്കിൽ ഉടൻതന്നെ ഒന്നു നേടുക. തുടർച്ചയായി വായിക്കുക.... അനുസരിക്കുകയും ചെയ്യുക.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

# സത്യ സഭ

എം. കെ. കുര്യൻ

''ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും'', എന്നു തന്റെ ഐഹിക ജീവിതകാലത്തു ക്രിസ്തു വെളിപ്പെടുത്തിയിരുന്നു (മത്താ: 16:18–19). ക്രിസ്തുവിന്റെ ക്രൂശുമരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം ഇവയ്ക്കുശേഷം ഏതാനും ദിവസങ്ങൾക്കുള്ളിൽ ക്രിസ്തു അത് പണിയുകയും ചെയ്തു (പ്രവൃ: 2:47).

ക്രിസ്തു പണിത ഈ സഭയെയാണു ''സത്യസഭ'' എന്ന് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, ഈ സത്യസഭയെ ക്രിസ്തു ഇപ്പോഴും പണിതുകൊണ്ടേയിരിക്കുന്നു. ഈ സഭ ക്രിസ്തു പണിയുന്നത് എങ്ങനെയെന്നു പഠിക്കുന്നതിനു മുമ്പായി നാം ഇന്നു കാണുന്ന സഭകളെക്കുറിച്ച് തിരുവചനാടിസ്ഥാനത്തിൽ മനസിലാക്കിയിരിക്കുന്നത് ഉത്തമമായിരിക്കും. ''എന്റെ സഭ'' എന്നു ക്രിസ്തു തന്നേ വെളിപ്പെടുത്തിയതിനാൽ ''സത്യസഭ'' ക്രിസ്തുവിന്റേതാണെന്നുള്ളത് വിമർശനവിധേയമാകുന്നില്ല. ക്രിസ്തു ദൈവമാണ് (യോഹ : 10: 30). ക്രിസ്തുവിന്റേതെല്ലാം ദൈവത്തിന്റേതാണ്. ദൈവത്തിന്റേതു ക്രിസ്തുവിന്റേതും ആകുന്നു. ആയതിനാൽ സത്യസഭ ക്രിസ്തുവിന്റേതും, അതു ദൈവത്തിന്റേതും ആകുന്നു (യോഹ : 17:10; പ്രവൃ : 20:28). എന്നു മാത്രമല്ല സത്യസഭക്കു ക്രിസ്തുവോ, അവന്റെ അപ്പോസ്തലൻമാരോ, മററാരും തന്നെയോ പ്രത്യേക നാമമൊന്നും കൊടുത്തിട്ടില്ല. അതിനു കൊടുത്തിട്ടുള്ളത് അതിന്റേതായ സവിശേഷതകൾ മാത്രമാണ്. എന്നാൽ മനുഷ്യർ, അവർ മതനേതാക്കൻമാരോ, സമുദായ നേതാക്കൻമാരോ, പണ്ഡിതൻമാരോ ആരെങ്കിലുമാകട്ടെ, അവർ ''ക്രിസ്തുവിന്റെ സഭ'' (ചർച്ച് ഓഫ് ക്രൈസ്ററ്), ''റോമൻ കത്തോലിക്കാസഭ'' ''യാക്കോബായ സഭ'', മർത്തോമാ സഭ'', ''ദൈവസഭ'' ''പെന്തെക്കോസ്തു സഭ'' എന്നീ പ്രകാരമെല്ലാം അവരുടെ സംഘടനകൾക്കു നാമകരണം ചെയ്താൽ അത് ക്രിസ്തു പണിത ''സത്യസഭ'' എന്ന് അംഗീകരിക്കുവാൻ ദൈവം (സത്യവേദപുസ്തകം) അനുവദിക്കുന്നില്ല. (ആവർത്ത : 18:14–22, യോഹ : 13:20, ഗലാ : 1:6–10), (1 യോഹ : 4:6), (2 യോഹ : 8, 9), (ഫിലി : 3:17).

ഇപ്രകാരം മനുഷ്യരാൽ നാമകരണം ചെയ്യപ്പെട്ട സമുദായ സംഘടനകളിൽ ഭൂരിഭാഗം പേരും ചിന്താക്കുഴപ്പത്തിലാണെന്ന് വ്യക്തമായി മനസിലാക്കാം. എന്തുകൊണ്ടെന്നാൽ അവർക്ക് സ്വാതന്ത്ര്യമില്ല. ''സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നിൽപ്പിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്'' എന്നു സത്യസഭയെ പഠിപ്പിക്കുന്നു (ഗലാ : 5:1). ''പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും'', എന്ന് ക്രിസ്തു പഠിപ്പിക്കുവാൻ കാരണവും അതുതന്നെ (യോഹ : 8:36). ആയതിനാൽ സത്യം (സത്യസഭ) ഏതെന്ന് അറിയുവാനും സ്വതന്ത്രൻമാരാകുവാനും ക്രിസ്തു ഇപ്ര

കാർം പഠിപ്പിച്ചു! ''എൻെറ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങദാ വാസ്തവമായി എൻെറ ശിഷ്യൻമാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രൻമാരാക്കുകയും ചെയ്യും'' (യോഹ :8:31–32). ജീവനുള്ള ദൈവത്തിൻെറ സഭയാണ് ദൈവാലയം എന്നും സത്യത്തിൻെറ തൂണും അടിസ്ഥാനവും ആ സഭ തന്നേ എന്നും തിരുവചനം പഠിപ്പിക്കുന്നു (1 തിമോ: 3: 15). ദയവായി ശ്രദ്ധിച്ചാലും ! ''എന്നാൽ നിങ്ങദാ ക്രിസ്തുവിൻെറ ശരീരവും ഓരോരുത്തൻ വെവ്വേറായി അവയവങ്ങളും ആകുന്നു'' എന്ന് ആദിമസഭയെ തിരുവചനം പഠിപ്പിക്കുന്നു. ഇതിൻെറ അർത്ഥമോ, ''സത്യസഭ'' ക്രിസ്തുവിൻെറ ശരീരവും സഭയാകുന്ന ആ ശരീരത്തിൻെറ തല ക്രിസ്തുവും ഓരോ സഭാംഗവും വ്യക്തിപരമായി ആ ശരീരത്തിൻെറ അവയവങ്ങളും ആകുന്നു, എന്നാണ് (1 കൊരി : 12: 27), (കൊലൊ: 1: 18), (എഫെ : 1:20–23). ആയതിനാൽ ക്രിസ്തു പണിത അവൻെറ സഭ (സത്യസഭ) യെക്കുറിച്ചു പ്രത്യേകം നാം ബോധപൂർവ്വം മനസിലാക്കിയിരിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൻെറ സഭ (സത്യസഭ) അഥവാ ശരീരം ഒന്നുമാത്രം (എഫെ 4:4).

പ്രിയരേ, ഒരു വ്യക്തിക്ക് എത്ര ശരീരം ഉണ്ട്? ഒന്നു മാത്രമേയുള്ളു. എന്നാൽ ശരീരവും തലയും രണ്ടല്ലതാനും. ശരീരത്തിൻെറ നിയന്ത്രണം തലയെ ആശ്രയിച്ചിരിക്കുന്നു എന്നു മാത്രം. ഒരു വ്യക്തിയുടെ നാമം ''വിജയൻ'' എന്നാണെങ്കിൽ ആ നാമം ശരീരത്തിനുള്ളതോ, തലയ്ക്കു മാത്രമോ? തലയുള്ള ശരീരത്തോടുകൂടിയ ആ വ്യക്തിയുടെ നാമമാണത്. തലയ്ക്കു ''വിജയൻ'' എന്നും, ശരീരത്തിന് ''കുശലൻ'' എന്നും വെവ്വേറെ നാമമുള്ളതായി നാളിതുവരെ കേട്ടിട്ടില്ല. ''സത്യസഭ'' ഏതെന്നു നമുക്കു എങ്ങനെ മനസിലാക്കാം? മുൻവിവരിച്ച മനുഷ്യരിൽ നാമകരണം ചെയ്യപ്പെട്ട വിവിധ സമുദായ സംഘടനകദാ (സഭകദാ), നിലവിലിരുന്ന അതിൻെറ പേരു മാററി അതിന് ''ക്രിസ്തുവിൻെറ സഭ'' (ചർച്ച് ഓഫ് ക്രൈസ്ററ്) എന്നു നാമകരണം ചെയ്താൽ അത് ''സത്യസഭ'' ആകുമോ? ഒരിക്കലും ഇല്ല. കാരണം നമ്മുടെ ഭാരതത്തിൽ സംസ്ഥാനത്തിലെ ഒരു മന്ത്രി അദ്ദേഹത്തിൻെറ പേരു മാററിയിട്ട് ''രാജീവ്ഗാന്ധി'' എന്നു പേരിട്ടാൽ അദ്ദേഹം ഇപ്പോഴത്തെ നമ്മുടെ പ്രധാനമന്ത്രിയായ രാജീവ്ഗാന്ധിയും പ്രധാനമന്ത്രിയും ആകുകയില്ല. ആയതിനാൽ ക്രിസ്തുവിൻെറ സഭയെന്നുതന്നെയായാലും മനുഷ്യരാൽ നാമകരണം ചെയ്യപ്പെട്ടാൽ ആ സഭയെ സത്യസഭയായി അംഗീകരിക്കുവാൻ സാദ്ധ്യമല്ല.

എന്നാൽ ക്രിസ്തു അവൻെറ സഭ അഥവാ ''സത്യസഭ'' പണിയുന്നത് എങ്ങനെ? ശ്രദ്ധിച്ചാലും! ''എന്നാൽ നിങ്ങദാ പാപത്തിൻെറ ദാസൻമാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ച് നീതിക്കു ദാസൻമാരായിത്തീർന്നതുകൊണ്ട് ദൈവത്തിനു

സ്തോത്രം'' എന്നു തിരുവചനം ആദിമ സഭയെ പഠിപ്പിക്കുന്നു (റോമ: 6:17–18). ''സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രൻമാരാക്കുകയും ചെയ്യും'' എന്ന് ക്രിസ്തു പറഞ്ഞതും ഓർമ്മിക്കുക (യോഹ: 8:31–32). ഇതിൽനിന്നും ക്രിസ്തുവിൻെറ അപ്പോസ്തലൻമാർ പഠിപ്പിച്ച ഉപദേശരൂപം (ഉപദേശം) ആകുന്നു ''സത്യം'' എന്നും ആ സത്യം ഹൃദയപൂർവ്വം അനുസരിച്ച് അവർക്കു സ്വാതന്ത്ര്യം ലഭിക്കുകയും തന്നിമിത്തം അവർ നീതിക്കു ദാസൻമാരായിത്തീരുകയും ചെയ്തു എന്നും നമുക്കു മനസ്സിലാക്കാം. ''പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിക്കുക'' (റോമ: 6:17–18), ''വെള്ളത്താലും ആത്മാവിനാലും ജനിക്കുക'', ''പുതുതായി ജനിക്കുക'', (യോഹ: 3:3–5), ''രക്ഷിക്കപ്പെടുക'' (മർക്കോ: 16:16)'', തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ് വരിക'' (മത്താ: 18:2–3), ''വീണ്ടും ജനിക്കുക'' (1 പത്രോ: 1:23), എന്നെല്ലാം തിരുവചനം പഠിപ്പിക്കുന്നത് ഒരേ ഒരു ലക്ഷ്യം മാത്രം ആധാരമാക്കിയാണ് (യോഹ: 3:16).

ആയതിനാൽ ക്രിസ്തുവിൻെറ അപ്പോസ്തലൻമാർ പഠിപ്പിച്ചതും അതു കേട്ടവർ ഹൃദയപൂർവ്വം അനുസരിച്ചു രക്ഷിക്കപ്പെട്ടതുമായ ആ ഉപദേശരൂപം ഏത്? ''ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു, അടക്കപ്പെട്ടു, തിരുവെഴുത്തുകളിൻപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേററു [1 കൊരി: 15: 1–4]. ''അവൻ ദൈവത്തിൻെറ വലതുഭാഗത്തേക്ക് ആരോഹണം ചെയ്തു. പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോടു വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നതു പകർന്നുതന്നു [പ്രവൃ: 2:33], ''യേശു തന്നേ ദൈവപുത്രൻ'' (പ്രവൃ: 9: 19–20), ''ദൈവത്തേക്കാളധികം മനുഷ്യരെ അനുസരിക്കുന്നതു ദൈവത്തിൻെറ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ'' [പ്രവൃ: 4:19–20], (പ്രവൃ: 5:29–30). ''മറെറാരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല'' എന്നും അവർ ഉപദേശിച്ചു [പ്രവൃ: 4:12]. അതുകൊണ്ട് രക്ഷയ്ക്കായി കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കണമെന്നും (പ്രവൃ: 16:31), മാനസാന്തരപ്പെടണമെന്നും [പ്രവൃ: 17:30] യേശുവിനെ ഏററുപറയണമെന്നും [റോമ: 10: 9:10], പാപങ്ങളുടെ മോചനത്തിന്നായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനം ഏററാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നും അവർ ഉപദേശിച്ചു [പ്രവൃ: 2:38,39]. ഈ ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചവരാണ് ''സത്യസഭ''. അതാണ് ക്രിസ്തുവിൻെറ സഭ. കാരണം അവർ രക്ഷിക്കപ്പെടുകയും കർത്താവ് അവരെ സഭയോടു ചേർക്കയും ചെയ്തു എന്നു വെളിപ്പെടുത്തിയിരിക്കുന്നു (പ്രവൃ: 2:38–47 റോമ: 6:17,18]. ക്രിസ്തു അവൻെറ സഭയെ പണിയുന്നത് ഇപ്രകാരമാണ്. ഇതാണ് സത്യസഭ.

സത്യസഭ എന്നു പറഞ്ഞാൽ അവൂർ കർത്താവിന്റെ ശിഷ്യൻമാരും ക്രിസ്ത്യാനികളും മാത്രം ആയിരിക്കും [പ്രവൃ: 6:1; പ്ര പൃ: 9:1] [പ്രവൃ: 11:16]. നീതിക്കു ദാസൻമാരായി തീർന്നു എന്നുവച്ചാൽ അതിന്റെയർത്ഥം അവർ പുതിയ നിയമത്തിന് അധീനരായിത്തീർന്നു അഥവാ ദൈവത്തിന്നു ദാസൻമാരായിത്തീർന്നു എന്നാണ് [മത്താ: 28: 18–29 ;റോമ: 6: 17, 18. വാക്യം 22]. നീതിക്ക് അഥവാ ദൈവത്തിന്നു ദാസൻമാരായിത്തീർന്നു എന്നു പറഞ്ഞാലോ, പുതിയ നിയമാനുസരണം അവസാനംവരെ ജീവിക്കുവാൻ സമർപ്പിക്കപ്പെട്ടവരായിത്തീർന്നു എന്നാണർത്ഥം. അപ്പോസ്തലൻമാർ പഠിപ്പിച്ച ഈ ഉപദേശത്തെ ഹൃദയപൂർവ്വം അനുസരിച്ച (അനുസരിക്കുന്ന) സകല മനുഷ്യർക്കും ഞങ്ങൾ ക്രിസ്തുവിന്റെ സഭയാകുന്നു എന്നും. അതാണു തിരുവചനം പഠിപ്പിക്കുന്ന സത്യസഭ എന്ന് അവകാശപ്പെടുവാനും തിരുവചനം (ദൈവം) അനുവദിക്കുന്നു. അവർ ക്രിസ്തുവിന്റെ സഭ എന്ന് പേരിടുകയല്ല, പിന്നെയോ ക്രിസ്തുവിന്റെ സഭ ആകുകയത്രേ ചെയ്യുന്നു. കൂടാതെ ദൈവമക്കൾ, പുരോഹിതവർഗ്ഗം, വിശുദ്ധവംശം, ദൈവത്തിന്റെ ജനം, അവന്റെ രാജ്യം എന്നിപ്രകാരമെല്ലാം അവർക്ക് അവകാശപ്പെടാം [വെളി. 1:6, കൊലൊ. 1:13, 1 പത്രൊ. 2:9–10, യോഹ. 1:12, 1 യോഹ. 3:1, ആവ. 18:14–22, യോഹ. 13:20, 1 യോഹ. 4:6].

പ്രിയരേ നമുക്കും ഇപ്രകാരം അവരെപ്പോലെതന്നേ ''സത്യസഭ'' ആയിത്തീരുവാൻ സാധിക്കും. എപ്രകാരം? ഈ ലോകത്തിൽ നാം ഒരു മനുഷ്യനേയും (സമുദായ നേതാക്കൻമാരോ, വേദപണ്ഡിതൻമാരോ, ഉപദേഷ്ടാക്കൻമാരോ, ഉന്നത ബിരുദധാരികളോ ആരുമാകട്ടെ) ആരേയും അനുസരിക്കാതെ ക്രിസ്തുവിന്റെ അപ്പോസ്തലൻമാരുടെ ഉപദേശം മാത്രം മുൻവിവരിച്ചപ്രകാരം അനുസരിക്കണം. അപ്പോൾ നാം ദൈവത്തെമാത്രം അനുസരിക്കുന്നവരായിത്തീരും, അഥവാ ദൈവത്തിന്റെ ദാസൻമാരും അപ്പോസ്തലൻമാരുടെ പിൻഗാമികളും ആയിത്തീരും എന്ന് തിരുവചനം വെളിപ്പെടുത്തിയിരിക്കുന്നു [ആവർത്ത. 8:14–22, യോഹ. 13:20, യോഹ. 17:17–21, 1 യോഹ. 4:6, റോമ. 6:17–18 വാക്യം 22, ഗലാ. 1:6–10]. ഇതാണ് ക്രിസ്തുവിന്റെ സുവിശേഷം (മർക്കോ. 16:15–20). പേരിൽ അർത്ഥം ഒന്നുമില്ല എന്നും, ഏതു സഭയിലായിരുന്നാലും നല്ലവനായി ജീവിച്ചാൽ മതിയെന്നും, ക്രിസ്തുവിൽ വിശ്വസിച്ചാൽ മാത്രം മതിയെന്നും, ക്രിസ്തുവിനെ രക്ഷിതാവായി ഹൃദയത്തിൽ സ്വീകരിച്ചാൽ മാത്രം മതിയെന്നും മററും അനേകം ദുരുപദേശങ്ങൾ പഠിപ്പിക്കുന്നവർ അപ്രകാരം പഠിപ്പിക്കുന്നത് ഈ ലോകത്തിലെ അവരുടെ നിലനിൽപിനുവേണ്ടി മാത്രമാണ്. എന്നാൽ ക്രിസ്തുവിന്റെ സഭയാകുന്ന സത്യസഭയുടെ പൗരത്വം സ്വർഗ്ഗത്തിൽ ആകുന്നു. ഇക്കാരണത്താലാണ് ''ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം

നടക്കുന്നവരെ കുറിക്കൊൾവിൻ'' എന്ന് അപ്പോസ്തലൻമാർ പ്രത്യേകം പഠിപ്പിക്കുന്നത് [ഫിലി. 3:17–21]. വിവിധ നാമങ്ങളാൽ അറിയപ്പെടുന്ന സമുദായ സംഘടനകൾ അനുകരിക്കുന്നത് ആ മാതൃകയോ? [1 തെസ. 1–ാം അദ്ധ്യായം, 1 തെസ. 2:13–14, എബ്രാ. 13:7–9, ഗലാ: 1:6–10, 1 യോഹ. 4:6] മുതലായ വേദഭാഗങ്ങൾ പഠിച്ചാലും.

പ്രിയ സഹോദരാ, നിങ്ങളുടെ ഭാര്യയുടെ പേര് ''കുസുമ'' എന്നാണെന്ന് വിചാരിക്കുക. ആ ''കുസുമ'' എന്റെ ഭാര്യയാണെന്നു മററൊരുവൻ അവകാശപ്പെട്ടാൽ അതു നിങ്ങൾ സഹിക്കുമോ? ഒരിക്കലുമില്ല. പ്രിയ സഹോദരീ, നിങ്ങളുടെ ഭർത്താവിന്റെ പേര് ''ജോൺ'' എന്നാണെന്നു വിചാരിക്കുക. ആ ജോൺ എന്റെ ഭർത്താവാണെന്ന് വേറൊരുവൾ അവകാശപ്പെട്ടാൽ അതു നിങ്ങളും സഹിക്കുമോ? ഒരിക്കലുമില്ല. ''ഈ മർമ്മം വലിയതു; ഞാൻ ക്രിസ്തുവിനെയും സഭയേയും ഉദ്ദേശിച്ചത്രേ പറയുന്നത്'' എന്നു വെളിപ്പെടുത്തിക്കൊണ്ട് സത്യസഭയും ക്രിസ്തുവും തമ്മിൽ ഉള്ള ബന്ധത്തെ ഭാര്യാഭർത്തൃബന്ധത്തോടു തുല്യമാക്കിയാണു തിരുവചനം പഠിപ്പിക്കുന്നത് (എഫെ: 5:32). ''മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോടു പററിച്ചേരും; ഇരുവരും ഒരേ ദേഹം (ശരീരം) ആയിത്തീരും'' (എഫെ: 5:22–32). ക്രിസ്തുവിന്റെ ഭാര്യ, അഥവാ മണവാട്ടിയാകുന്ന സത്യസഭ ക്രിസ്തുവിനോടു പററിച്ചേർന്ന് ഏകശരീരമായിത്തീരും (മത്താ: 6:24). നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്ന് അറിയുന്നില്ലയോ'' ? (1കൊരി: 6: 15–17]. മനുഷ്യരാൽ നാമകരണം ചെയ്യപ്പെട്ട സമുദായ സംഘടനകളെല്ലാം പരസ്പരം ഭിന്നിച്ചു ചിതറുകയും ആ നാമത്താൽതന്നേ അവർക്ക് അവർ തമ്മിലും, ക്രിസ്തുവിനോടും ബന്ധമില്ലെന്ന് അവർതന്നേ വെളിപ്പെടുത്തുകയും ചെയ്യുന്നു [മത്താ. 12:39]. പ്രിയരേ, കർത്താവിന്റെ വചനം തന്നേ ഒടുക്കത്തെ നാളിൽ നമ്മെ ന്യായം വിധിക്കും എന്ന് ഓർമ്മിക്കുക [യോഹ. 12:48]. എന്നാൽ കരുണാസമ്പന്നനായ ദൈവം നമ്മോടുള്ള അവന്റെ മഹാസ്നേഹം നിമിത്തം രക്ഷ നമുക്കു ദാനമായി [സൗജന്യമായി] വാഗ്ദത്തം ചെയ്യുന്നു. ഇതാണു ദൈവകൃപ.

ന്യായപ്രമാണത്തിന്നല്ല, കൃപയ്ക്കത്രേ നാം അധീനരാകേണ്ടത് [റോമ: 6:14]. ആ ദൈവകൃപയുടെ സന്ദേശമാണ് ക്രിസ്തുവിന്റെ അപ്പോസ്തലൻമാരുടെ ഉപദേശം, [പ്രവൃ: 14:3]. അതനുസരിച്ച് സത്യസഭയിലെ ഒരംഗമായിത്തീരുവാൻ ദൈവം നിങ്ങളെ എല്ലാവരേയും സഹായിക്കുമാറാകട്ടെ.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth. Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.

Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.

Thursdays—9: 00 to 9 : 15 P.M.

Fridays — 9 : 00 to 9 : 15 P. M.

Sundays— 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth. Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.

Tuesdays—2 : 30 to 2 : 45 P.M.

Thursdays—2 : 30 to 2 : 45 P.M.

Fridays — 2 : 30 to 2 : 45 P.M.

Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.

Thursdays—6 : 45 to 7 : 00 P.M.

Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese,

All Correspondence should be sent to Church of Christ Trivandrum, Kerala.

Tuesdays—3 : 45 to 4 : 00 P.M.

Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd : No. K. Dis. 90095 / 86/ A8  Regd. No. KL/TV (N)22

# യേശു: കുടുംബത്തിന്റെ കർത്താവ്

സുപ്രസിദ്ധ പ്രാസംഗികൻ.

**Bro Nat Cooper (U. S. A)**

എറണാകുളം ടൗൺഹാളിൽ

ഫെബ്രുവരി 1 മുതൽ 12 വരെ

പ്രസംഗങ്ങളും, സെമിനാറുകളും

പ്രവേശനം സൗജന്യം. ഏവർക്കും സ്വാഗതം.

All correspondence should be send to the Editor Bible Truth, Church of Christ. Trivandrum-34, Kerala, South India

From

**THE BIBLE TRUTH**
Church of Christ
Sunny Meads Lane
Trivandrum-34

To